
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 56 | THE ONLINE OFFICIAL NEWS BULLETIN | 2021 December 25

ദനഹകാലം | SEASON OF EPIPHANY | ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
26  ♪1 hadusbo d botar yaldo 1st Sunday after Christmas Nusrotho/Kuloso Gloryfication of St. Mary 35th Mem. of Yacob Mar Policarpos (Koratty Sion Seminary)	27  ♪8 Qetlo d-yalude Massacre of the Holy Infants	28 ♪1	29 ♪5	30 ♪1	31 ♪5	1  ♪8 Gzurto (✝Circumcision of our Lord) New Year Day (Reshatho) Comme. of St. Basil the Great, St. Gregory All Saintly Fathers & Malpans.

പ. പാത്രിയർക്കീസ് ബാവായെ അംഗീകരിക്കാൻ തയാറാണെന്നു പ. കാതോലിക്കാ ബാവാ

കോട്ടയം: രാജ്യത്തെ പരമോന്നത കോടതിവിധിക്ക് അനുസൃതമായും മലങ്കര സഭയുടെ ഭരണഘടനപ്രകാരവും പ. പാത്രിയർക്കീസ് ബാവായെ അംഗീകരിക്കാൻ മലങ്കര ഓർത്തഡോക്സ് സഭ തയാറാണെന്നുള്ളത് അറിയിച്ചിട്ടുണ്ടെന്നും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ.

ഇനി നിലപാട് വ്യക്തമാക്കേണ്ടത് യാക്കോബായ വിഭാഗമാണ്. വിശ്വാസികളുടെ ഭൂരിപക്ഷം കണക്കിലാക്കി പള്ളികൾ വീതം വയ്ക്കാനാകില്ല. സഭാ ഭരണഘടന അനുസരിച്ചു പ്രവർത്തിക്കുന്ന പള്ളികളിലെ വിശ്വാസികളുടെ ഭൂരിപക്ഷപ്രകാരം ഭരണം നടത്തുന്നതിൽ തെറ്റില്ലെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു.

സഭാ ഭരണഘടന പ്രകാരം ഭരിക്കുന്ന പള്ളികളിൽ വിശ്വാസികൾക്ക് വിലക്കുകളില്ല. സഭ അംഗീകരിച്ച പള്ളികൾ നിശ്ചയമായും മലങ്കര ഓർത്തഡോക്സ് സഭയോടു ചേർന്നിരിക്കും. കോടതിവിധി നടപ്പാക്കാൻ സംസ്ഥാന സർക്കാർ തയാറാകുമെന്നാണു കരുതുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തു നിന്നു സഹകരണം ലഭിക്കുന്നുണ്ട്. ജസ്റ്റിസ് കെ. ടി. തോമസ് അധ്യക്ഷനായ കമ്മിഷൻ സമർപ്പിച്ച ശുപാർശകൾ സംബന്ധിച്ച് സഭയ്ക്ക് അറിവില്ല. പരമോന്നത കോടതിയുടെ വിധി മറികടക്കാൻ സർക്കാർ തയാറാകുമെന്നു കരുതുന്നില്ലെന്നു ബാവാ പറഞ്ഞു. പെൺകുട്ടികളുടെ വിവാഹപ്രായം 21 ആയി ഉയർത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തോട് എതിർപ്പില്ലെന്നും പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു.



പരുമല സെമിനാരിയിൽ യൽദോ പെരുന്നാൾ ശുശ്രൂഷയ്ക്ക് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു.

മെത്രാൻ തിരഞ്ഞെടുപ്പ്: നാമനിർദേശം സ്വീകരിച്ചു തുടങ്ങി

ദേവലോകം; സഭയിൽ പുതിയതായി തിരഞ്ഞെടുക്കുന്ന മെത്രാപ്പൊലീത്താമാരുടെ നാമനിർദേശം സ്വീകരിച്ചു തുടങ്ങി. 28 ആണ് നാമനിർദേശം സ്വീകരിക്കാനുള്ള അവസാന തീയതി. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളി അങ്കണത്തിൽ തയാറാക്കിയ ബസേലിയോസ് പൗലോസ് പ്രഥമൻ നഗറിൽ ഫെബ്രുവരി 25നു നടക്കുന്ന മലങ്കര അസോസിയേഷനിലാണ് തിരഞ്ഞെടുപ്പ്.

ഡോ. യാക്കോബ് മാർ ഐറേനിയസിന്റെ നേതൃത്വത്തിൽ സ്ക്രീനിങ് കമ്മിറ്റി കൂടി നാമനിർദേശങ്ങൾ പരിശോധിക്കും. 14 പേരുടെ ലിസ്റ്റ് സ്ക്രീനിങ് കമ്മിറ്റി പരിശുദ്ധ കാതോലിക്കാ ബാവായ്ക്കു സമർപ്പിക്കും. ആ ലിസ്റ്റിൽനിന്ന് 11 പേരെ മാനേജിങ് കമ്മിറ്റി തിരഞ്ഞെടുത്ത് അസോസിയേഷനു നൽകും. അസോസിയേഷനാണ് ഇതിൽനിന്ന് 7 പേരെ തിരഞ്ഞെടുക്കുന്നത്. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസിന്റെ നേതൃത്വത്തിൽ മോണിറ്ററിങ് കമ്മിറ്റിയും ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന്റെ അധ്യക്ഷതയിൽ ട്രൈബ്യൂണലും പ്രവർത്തിക്കുന്നുണ്ട്.



നിരണം പള്ളിയിലെ വി. മാർത്തോമാ ശ്ലീഹായുടെ 1949-ാമത് ഓർമ്മപെരുന്നാളിൽ പ. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.

Published by Dr. Geevarghese Mar Yulios Metropolitan on behalf of MOSC Media Department

മഹാപുരോഹിത സന്ദേശം

ലോകരക്ഷകനായ ദൈവപുത്രന്റെ തിരുജനനം ആചരിക്കുവാൻ നോമ്പനുഷ്ഠാനങ്ങളിലൂടെ പരിശുദ്ധ സഭ ഒരുങ്ങുകയാണ്. പാപത്താൽ വീണുപോയ ദൈവീക സ്വരൂപം വീണ്ടെടുക്കുവാനും മനുഷ്യപുത്രരെ ദൈവപുത്രരാക്കുവാനുമാണ് മശിഹാ തമ്പുരാൻ മനുഷ്യാവതാരം ചെയ്തത്. ദൈവമുമ്പാകെയുള്ള പരിപൂർണ്ണ സമർപ്പണത്തിന്റെയും, വിനയം മൂലമുള്ള വിശുദ്ധീകരണത്തിന്റെയും, കരകവിഞ്ഞൊഴുകുന്ന ദൈവസ്നേഹത്തിന്റെയും, ദൈവത്തിന്റെ പരിശുദ്ധാത്മാവിലുള്ള നിർമ്മലമായ ആരാധനയുടെയും അമൂല്യപാഠങ്ങളാണ് ഓരോ ക്രിസ്തുമസും ലോകത്തോട് പങ്കുവയ്ക്കുന്നത്.

നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങൾ കരുണയിൽ അധിഷ്ഠിതമായിരിക്കണം. ദൈവപ്രസാദമുള്ള മനുഷ്യർക്ക് ലഭ്യമാകുന്ന സ്വർഗ്ഗീയ സമാധാനം നമ്മുടെ ഓരോരുത്തരുടേയും മനസ്സുകളിൽ അനുഭവിക്കുവാൻ ഇടയാകത്തക്കവണ്ണം അനാഥരുടെയും വിധവകളുടെയും ദു:ഖിതരുടെയും ജീവിതത്തിൽ ആശ്വാസത്തിന്റെ അനുഭവങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ക്രിസ്തീയ സാക്ഷ്യത്തോടെ മാതൃകാപരമായി ഈ വർഷത്തെ യൽദോ പെരുന്നാൾ ആചരിക്കുവാൻ സാധ്യമാകണം. അതാണല്ലോ ക്രിസ്തീയ ജീവിതത്തിന്റെ സൗന്ദര്യവും.

നാം അനുഭവിക്കുന്ന എല്ലാ ദാനങ്ങൾക്കും നന്മകൾക്കും അത്യുന്നതങ്ങളിലുള്ള ദൈവത്തിന് മഹത്വം കരേറ്റുവാൻ നമുക്ക് കഴിയണം. ബേത്‌ലഹേമിലെ ആട്ടിടയന്മാരെപ്പോലെ വിശുദ്ധിയുടെയും വിനയത്തിന്റെയും പാതകളിൽ ആരാധനയുടെ നക്ഷത്ര ശോഭകളാൽ യേശുതമ്പുരാന്റെ പുൽക്കൂടോളം യാത്ര ചെയ്യുവാൻ ഈ യൽദോ പെരുന്നാൾ മുഖാന്തിരമാവണം. നമ്മുടെ ആഘോഷങ്ങൾ ക്രിസ്തുമസിന്റെ ഈ യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞ് മാത്രമാകണമെന്ന് നാം ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഒരു പുതിയ വർഷത്തിലേക്ക് പ്രവേശിക്കുവാനായി നാം ഒരുങ്ങുന്ന കാലഘട്ടം കൂടിയാണല്ലോ ഇത്. പുതുക്കം പ്രാപിച്ച മനുഷ്യരായി വിശുദ്ധിയോടെ നവവത്സരത്തെ നമുക്ക് വരവേൽക്കാം. ദൈവീക ദൂതുകൾ പ്രാപിച്ച്, അഹങ്കാരവും സ്വാർത്ഥതയും വെടിഞ്ഞുകൊണ്ട്, പുതു മനുഷ്യരായി നാം രൂപാന്തരപ്പെടേണ്ടിയിരിക്കുന്നു. പിന്നിട്ട വഴികളിൽ വന്നുപോയ കുറവുകളെ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് പുതിയ പ്രതീക്ഷകളോടെ, പുതു നന്മകളെ പ്രാപിച്ചുകൊണ്ട് ദൈവത്തോടൊപ്പം സഞ്ചരിക്കുവാൻ സാധ്യമാകട്ടെ.

ഏവർക്കും അനുഗ്രഹകരമായ ക്രിസ്തുമസും, നന്മകൾ നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു.


ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ



ആരാധനാ കലണ്ടർ

സർവ്വസൃഷ്ടിയും ബേത്ലഹേമിലേക്ക്; “അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം”

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



യൽദോ പെരുന്നാൾ

ഒടുവിൽ കാലതികവിൽ കന്യക പ്രസവിക്കുന്നു! വചനം ജഡം ധരിക്കുന്നു. സർവ്വപ്രപഞ്ചവും ഗാനാലാപനം നടത്തി അവനെ വണങ്ങി പൊന്നും മൂരും കുന്തുരുക്കവും (അവൻ രാജാവും പ്രവാചകനും പുരോഹിതനുമെന്ന് സാരം) കാഴ്ചയർപ്പിക്കുന്നു. അർത്ഥമില്ലാത്ത സമ്പന്നതകളുടെ സത്രങ്ങൾ അവന് പിറക്കുവാൻ സ്ഥലം നിഷേധിക്കുമ്പോൾ പുൽക്കൂട്ടിലെ എളിമയുടെ മൃഗങ്ങൾ അവരുടെ അത്താഴമായ വൈക്കോൽ അവന് മെത്തയായി ഒരുക്കുന്നു! പ. മാതാവിനോടൊപ്പം അവനെ കാണുവാനും പരിലാളിക്കുവാനും അവയ്ക്ക് സാധിക്കുന്നു. രാജഗൃഹങ്ങളിലെ സിംഹാസനങ്ങളിലും പൗരോഹിത്യപീഠങ്ങളിലും ഇരിക്കുന്ന ബൗദ്ധിക നേതൃത്വത്തിന് അവിടെ പൂർണ്ണമായും പ്രവേശനം നിഷേധിക്കപ്പെടുന്നു. എന്നാൽ സത്യത്തിന്റെ ജഡധാരണത്തെ അന്വേഷിച്ചവർക്കെല്ലാം അവൻ പ്രാപ്യനാകുന്നു. അറിവിന്റെ എളിമയുടെ ഔന്നത്യത്തിലുള്ള വിദ്വാന്മാർക്കും നിഷ്കളങ്കതയുടെ നിറകുടങ്ങളായ ആട്ടിടയന്മാർക്കും രഹസ്യം വെളിപ്പെട്ട ഗുഹയിലേക്കു കുനിയുവാൻ പ്രയാസമുണ്ടായിരുന്നില്ല; അവർ മാത്രം അവനെ കണ്ടു; വീണു വണങ്ങി കാഴ്ചകൾ അർപ്പിച്ചു.

വാഗ്ദത്തപുത്രനായ ഇസഹാക്കിന്റെ ജനനം (ഉൽപത്തി 21:1–8) “ദൈവത്തിന്റെ കൈ എന്നെ തൊട്ടിരിക്കുന്നു, എന്റെ സ്വന്ത കണ്ണ് അവനെ കാണുമെന്ന്' ഇയ്യോബിന്റെ ദർശനം (19:21–20:4), എന്നിവയ്ക്കുശേഷം “ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സിൽ പ്രകാശം ശോഭിച്ചു; നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു.... ആധിപത്യം അവന്റെ തോളിൽ ഇരിക്കുന്നു; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും (യെശയ്യാ 9:1–7) എന്നിങ്ങനെ ജനിക്കപ്പെട്ടവൻ ആരാണെന്ന് വ്യക്തമാക്കപ്പെടുന്നു.

ബേത്ലഹേമിലെ ജനനത്തെ വിശ്വാസിക്കു ദർശിക്കുവാൻ പറ്റിയ ഏറെ ശക്തമായ പ്രതീകമാണ് തീജ്വാല ശുശ്രൂഷ. അന്ധകാരത്തിൽ അത്ഭുത പ്രകാശം ഉദിക്കുന്നു. തണുപ്പിൽ അവൻ ഊഷ്മളത നൽകുന്നു. അഗ്നിചിറകുകളിൽ അവൻ നമ്മുടെ കാഴ്ചയാകുന്ന കുന്തിരുക്കം സ്വീകരിക്കുന്നു. ദേവാലയത്തിന്റെ പൂമുഖത്തിൽ പുറത്തെ ഇരുട്ടിലും തണുപ്പിലും ഒരുക്കപ്പെടുന്ന തീജ്വാല ആത്മീയ അഗ്നിയായി നമ്മുടെ ഹൃദയങ്ങളിലേക്ക് പകരപ്പെടുന്നതാണ് അതീവ കാൽപനിക ഭാവമുള്ള ആ ശുശ്രൂഷ. അവിടെ വായിക്കപ്പെടുന്ന എബ്രായ ലേഖന ഭാഗം (1:1–12) കാര്യങ്ങൾ വ്യക്തമായി നമ്മോട് പറയുന്നു:



“നീ എന്റെ പുത്രൻ, ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു” എന്നും “ഞാൻ അവന് പിതാവും അവൻ എനിക്കു പുത്രനുമായിരിക്കു”മെന്ന് അഗ്നി മൂന്നു വട്ടം വലംവച്ച് പ. സഭ പ്രഖ്യാപിക്കുന്നു. സ്വർഗ്ഗീയ സംഘത്തിന്റെ ഗാനാലാപത്തോട് ചേർന്ന് സർവ്വപ്രപഞ്ചവും പ. സഭയും “അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനമെന്ന' ജനനത്തിന്റെ സന്തോഷവും മൂന്നു തവണ ആവർത്തിക്കുന്നു. വി. ഏവൻഗേലിയോൻ (ലൂക്കോസ് 2:1–20) വായന തീർന്ന് “അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ...” എന്നു മാലാഖമാരുടെ സ്തുതിപ്പും മോറാനേശു മശിഹാ എന്ന ഹൂത്തോമ്മോയും ചൊല്ലിയശേഷം അന്നത്തെ വി. കുർബ്ബാന അർപ്പണത്തിനായി വിശ്വാസികൾ സന്തോഷത്തോടെ ദേവാലയത്തിനകത്തേക്ക് പ്രവേശിക്കുന്നു.



തുടർന്നുള്ള ദിവസങ്ങളിൽ പ. ദൈവമാതാവിന്റെ പുകഴ്ചപെരുന്നാളും (ഡിസംബർ 26) ശിശുവധ പെരുന്നാളും (ഡിസംബർ 27) പ. സഭ ആഘോഷിച്ച് ധ്യാനിച്ച് ക്രിസ്തു ജനനത്തിന്റെ സർവ്വഭാവങ്ങളും എല്ലാ വർഷവും വിശ്വാസികളുടെ മനസ്സിലേക്ക് ആഴത്തിൽ പകരുന്നു. ഇത്ര ശക്തവും ശ്രേഷ്ഠവും അവർണ്ണനീയവുമായ ആരാധനാ പാരമ്പര്യം പ. ആത്മാവിൽ പ. സഭയ്ക്ക് വെളിപ്പെടുത്തിയ ദൈവത്തെ സ്തുതിക്കാം; അവന്റെ ജനനത്തെ ആഘോഷിപ്പാൻ അവൻ നമ്മെ ഒരുക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

❑

ചരിത്രരേഖകൾ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

എപ്പിസ്കോപ്പാസ്ഥാനികളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും നടപടിക്രമവും


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഒരു എപ്പിസ്കോപ്പൽ സഭയാണ്. ഒരു എപ്പിസ്കോപ്പാ തന്റെ ഇടവകജനങ്ങളുടെ ആത്മീയവും ലൗകികവുമായ എല്ലാ കാര്യങ്ങളുടേയും ശ്രേഷ്ഠ ഇടയനാണ്. ആയതിനാൽ എപ്പിസ്കോപ്പാ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ് ഏറ്റവും ശ്രേഷ്ഠവും നീതിയുക്തവും ആയിരിക്കണം. നാളിതുവരെയായി എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ലഭിച്ചിട്ടുള്ളത് വിശുദ്ധിയും സ്വയപരിത്യാഗവും, പ്രാഗത്ഭ്യവും സമൂഹമദ്ധ്യത്തിൽ അംഗീകാരവുമുള്ള വ്യക്തിത്വത്തിന്റെ ഉടമകളെയാണ്. മുൻകാലങ്ങളിൽ ഈ സ്ഥാനത്തേയ്ക്ക് കടന്നുവരാൻ വിമുഖത കാട്ടിയിട്ടുള്ളവരെ സഭ നിർബന്ധിച്ച് ആ സ്ഥാനത്തേയ്ക്ക് കൊണ്ടുവരികയാണ് ചെയ്തിട്ടുള്ളത്. സഭയെ ആധുനിക കാലഘട്ടത്തിൽ കാലാനുസൃതമായും, പുരോഗമനാത്മകമായും, ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ നയിക്കുവാൻ അനുയോജ്യസ്ഥാനികളെ തെരഞ്ഞെടുക്കേണ്ടത് നമുക്ക് ബാധ്യതയും ആവശ്യവുമായിരിക്കുന്നു. തെരഞ്ഞെടുപ്പ് പരിശുദ്ധ സഭയുടെ സൽപ്പേരിനും ശ്രേയസ്സിനും കോട്ടം വരാത്ത രീതിയിൽ നടത്തേണ്ടിയിരിക്കുന്നു.

ക്രിസ്തീയ സഭയുടെ പാരമ്പര്യമനുസരിച്ചു സഭാസ്ഥാനികളെ തെരഞ്ഞെടുക്കുവാൻ സഭാദ്ധ്യക്ഷന്മാർ മാനദണ്ഡങ്ങളും നടപടിച്ചട്ടങ്ങളും ക്രമീകരിക്കുകയും അവയനുസരിച്ച് സഭാംഗങ്ങൾ അവരെ തെരഞ്ഞെടുക്കുകയുമായിരുന്നു പതിവ്. ആദിമസഭ കൂടിവന്നപ്പോൾ ശ്ലീഹന്മാരിൽ പ്രധാനിയായ പത്രോസ്, പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളായിരുന്ന ഇസ്കറിയോത്താ യൂദായുടെ ഒഴിവിലേക്ക് ഒരാളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം അറിയിച്ചു: "കർത്താവായ യേശു, യോഹന്നാന്റെ സ്നാനം മുതൽ നമ്മെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത നാൾ വരെ നമ്മുടെ ഇടയിൽ സഞ്ചരിച്ചുപോന്ന കാലത്തെല്ലാം ഞങ്ങളോടുകൂടെ നടന്ന പുരുഷന്മാരിൽ ഒരുത്തൻ ഞങ്ങളോടു കൂടെ അവന്റെ പുനരുത്ഥാനത്തിന് സാക്ഷിയായിത്തീരേണം" (അപ്പോ. പ്ര. 2:21-22). അതിന്റെ അടിസ്ഥാനത്തിൽ രണ്ടുപേരെ കണ്ടെത്തി അവരിൽ ഒരാളെ പ്രാർത്ഥനയ്ക്കു ശേഷം ചീട്ടിട്ടെടുത്തു. അപ്രകാരം മത്ഥിയാസ് പന്ത്രണ്ടു ശ്ലീഹന്മാരുടെ ഗണത്തിൽ ചേർക്കപ്പെട്ടു. മറ്റൊരവസരത്തിൽ, ദൈവവചന ശുശ്രൂഷയിൽ അപ്പോസ്തലന്മാർ കൂടുതൽ ശ്രദ്ധിക്കുന്നതിനുവേണ്ടി, സഭയിലുള്ള ആളുകളുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുവാൻ ഏഴു ശെമ്മാശന്മാരെ തെരഞ്ഞെടുക്കുമ്പോഴും പന്ത്രണ്ട് അപ്പോസ്തലന്മാർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചുവരുത്തി അവരോട് തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ മാനദണ്ഡങ്ങൾ അറിയിച്ചു. "ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽതന്നെ തിരഞ്ഞുകൊൾവീൻ; അവരെ ഈ വേലയ്ക്ക് ആക്കാം" (അപ്പോ. പ്ര. 6:3). അവർ ഏഴുപേരെ തെരഞ്ഞെടുത്ത് അപ്പോസ്തലന്മാരുടെ മുമ്പാകെ നിർത്തുകയും അവർ പ്രാർത്ഥിച്ച് അവർക്ക് കൈവയ്പ് നൽകുകയും ചെയ്തു. ആദിമസഭയിലെ എപ്പിസ്കോപ്പാ (അദ്ധ്യക്ഷൻ), കശ്ശീശാ, ശെമ്മാശ്ശൻ എന്നീ സ്ഥാനങ്ങളിലേക്ക് വരുന്നവർക്ക് എന്തെല്ലാം യോഗ്യതകൾ ഉണ്ടായിരിക്കണമെന്ന് പരിശുദ്ധ പൗലോസ് ശ്ലീഹാ ആണല്ലോ നിശ്ചയിച്ച് തീമോത്തിയോസിനുള്ള രണ്ടു ലേഖനങ്ങളിലും തീത്തോസിനുള്ള ലേഖനത്തിലും കൂടി സഭയിൽ നടപ്പാക്കിയത്.

മേൽപ്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ മലങ്കരസഭയുടെ പിതാക്കന്മാർ സഭാഭരണഘടന ക്രോഡീകരിച്ചപ്പോൾ അതിന്റെ 107, 128, 113 എന്നീ വകുപ്പുകളിൽ ഈ പാരമ്പര്യം നിലനിർത്തി.

വകുപ്പ് 107

"വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ (Faith, Order, Discipline) എന്നിതുകളെ സ്പർശിക്കുന്ന സംഗതികളെ സംബന്ധിച്ച് തീരുമാനം ചെയ്യുന്നതിന് എപ്പിസ്കോപ്പൽ സിനഡിന് അധികാരമുള്ളതാകുന്നു. ഇതിലേക്കായി സിനഡു കൂടുമ്പോൾ ആലോചനയ്ക്കായി സിനഡിന് ആവശ്യമെന്ന് തോന്നുന്നവരെ തെരഞ്ഞെടുക്കാവുന്നതാകുന്നു."



വകുപ്പ് 128

"വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ എന്നിതുകളെ ബാധിക്കുന്ന യാതൊരു നിശ്ചയവും പാസ്സാക്കുന്നതിന്, ഇടവകയോഗത്തിനോ ഇടവക മാനേജിംഗ് കമ്മിറ്റിക്കോ മെത്രാസന ഇടവകയോഗത്തിനോ, മെത്രാസന കൗൺസിലിനോ, മലങ്കര അസ്സോസിയേഷനോ, അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റിക്കോ അധികാരമില്ലാത്തതാകുന്നു."

എന്നാൽ വകുപ്പ് 113-ൽ "ഒരാൾക്ക് എപ്പിസ്കോപ്പാ ആയോ മെത്രാപ്പോലീത്താ ആയോ പട്ടം കൊടുക്കണമെങ്കിൽ ആ ആളെ, ആ സ്ഥാനത്തേക്ക് അസ്സോസിയേഷൻ തെരഞ്ഞെടുക്കേണ്ടതും ആ തെരഞ്ഞെടുപ്പിനെ എപ്പിസ്കോപ്പൽ സിനഡ് അംഗീകരിക്കുന്നപക്ഷം, സിനഡിന്റെ സഹകരണത്തോടുകൂടി കാനോൻ നിബന്ധന അനുസരിച്ച് കാതോലിക്കാ ആ ആളിന് പട്ടം കൊടുക്കേണ്ടതും ആകുന്നു. തെരഞ്ഞെടുപ്പിന് അസ്സോസിയേഷനിൽ ഹാജരുള്ള പട്ടക്കാരുടേയും അത്മായക്കാരുടേയും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം ഉണ്ടായിരിക്കേണ്ടതാകുന്നു" എന്നാണ്.

ഇപ്രകാരം എപ്പിസ്കോപ്പൽ സുന്നഹദോസ് മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടേണ്ട ആളുകളെ സംബന്ധിച്ച യോഗ്യതകളും മാനദണ്ഡങ്ങളും നിശ്ചയിക്കുമ്പോൾ, അതിൻപ്രകാരം മലങ്കരസഭയുടെ പ്രതിനിധി സംഘമായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അവരെ തെരഞ്ഞെടുക്കുകയാണ് ചെയ്യേണ്ടത്.

ആയതിനാൽ ഈ തെരഞ്ഞെടുപ്പ് സുഗമവും നീതിപൂർവവുമായി നടത്തപ്പെടുന്നതിലേക്ക് ആവശ്യമായ നടപടിച്ചട്ടങ്ങൾ നമ്മുടെ മുൻഗാമികളായ മലങ്കര മെത്രാപ്പോലീത്തന്മാർ 15-09-1970-ലും അവ പുതുക്കി 01-06-1989-ലും തുടർന്ന് 25-10-2016-ലും ആവശ്യമായ ഭേദഗതികൾ നിശ്ചയിച്ച് നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. ആ നടപടിച്ചട്ടങ്ങളുടെ ആറാം ഭാഗം 10-ാം വകുപ്പിൽ 3-ാം ഉപവകുപ്പ് പറയുന്നപ്രകാരം "ഈ നടപടിച്ചട്ടങ്ങൾ സംബന്ധിച്ചോ, അസ്സോസിയേഷൻ യോഗത്തിൽ വച്ചോ അതിനു മുമ്പോ, അപ്പോഴപ്പോൾ വേണ്ട തീരുമാനം ചെയ്യുന്നതിന് പ്രസിഡന്റിന് അധികാരം ഉണ്ടായിരിക്കുന്നതും പ്രസിഡന്റ് ചെയ്യുന്ന തീരുമാനങ്ങളെ ആർക്കും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതും

ആകുന്നു." മേൽപറഞ്ഞ വ്യവസ്ഥ അനുസരിച്ച് നമ്മുടെ മുൻഗാമി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കാലോചിതമായ ചില ഭേദഗതികൾ വരുത്തി 2021 മെയ് മാസം 5-ാം തീയതി പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലും. തുടർന്ന് വർക്കിംഗ് കമ്മിറ്റിയിലും, മാനേജിംഗ് കമ്മിറ്റിയിലും അവതരിപ്പിച്ച വിവരം പ്രസ്തുത സമിതികളുടെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. മേൽപ്പടി ഭേദഗതികൾ കൂടി ഉൾപ്പെടുത്തിയ നടപടിചട്ടങ്ങൾ നമ്മുടെ 6/12/2021 ലെ 59-ാം നമ്പർ കല്പനപ്രകാരം നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. ഇനിയൊരു ഭേദഗതി ഉണ്ടാകുന്നതു വരെ പ്രസ്തുത നടപടിചട്ടങ്ങൾ അനുസരിച്ചായിരിക്കും അസോസിയേഷൻ യോഗങ്ങൾ നടത്തപ്പെടുന്നത്.

മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, മേൽപ്പട്ടസ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ആവശ്യമായ മാനദണ്ഡങ്ങളും ചട്ടങ്ങളും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശകൾ അനുസരിച്ച് കാലാനുസൃതമായി നമ്മുടെ മുൻഗാമികൾ നിശ്ചയിച്ച് നടപ്പാക്കിയിട്ടുള്ളതാണ്. പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ പുതുക്കിയ ക്രമീകരണം 2007 ഡിസംബർ 6-ാം തീയതി സമ്മേളിച്ച എപ്പിസ്കോപ്പൽ സിനഡിന്റെ അംഗീകാരത്തോടെ അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിൽ പ്രസ്താവിച്ച് പ്രാബല്യത്തിൽ വരുത്തുകയും, അതിൻപ്രകാരം 2008 സെപ്റ്റംബർ 11-ന് പാമ്പാക്കുടയിൽ ചേർന്ന അസ്സോസിയേഷനിൽ 7 മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുകയും, മാനദണ്ഡങ്ങളും നടപടിക്രമവും അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 2009 ഓഗസ്റ്റ് മാസം 25 മുതൽ സമ്മേളിച്ച എപ്പിസ്കോപ്പൽ സിനഡിന്റെ അംഗീകാരത്തോടെ ചില ഭേദഗതികൾ വരുത്തി അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിൽ പ്രസ്താവിച്ച് പ്രാബല്യത്തിൽ വരുത്തുകയും, 2010 ഫെബ്രുവരി 17-ന് ശാസ്താംകോട്ടയിൽ ചേർന്ന അസ്സോസിയേഷൻ യോഗത്തിൽ വച്ച് 7 മെത്രാപ്പോലീത്താമാരെ കൂടി തെരഞ്ഞെടുക്കുകയുണ്ടായി.

മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നമ്മുടെ മുൻഗാമി നടപ്പിൽ വരുത്തുകയും അസ്സോസിയേഷൻ യോഗം അംഗീകരിക്കുകയും ചെയ്ത മാനദണ്ഡങ്ങളിലും നടപടിക്രമങ്ങളിലും കാലാനുസൃതമായ ചില ഭേദഗതികൾ അനിവാര്യമാണെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലും, എപ്പിസ്കോപ്പൽ സിനഡിന്റെ ലീഗൽ കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ പരിഗണിച്ചും എപ്പിസ്കോപ്പൽ സിനഡിന്റെ അംഗീകാരത്തോടെ മേൽപ്പട്ട സ്ഥാനികളുടെ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളും മാനദണ്ഡങ്ങളും, താഴെ പറയുന്ന പ്രകാരം നമ്മുടെ മുൻഗാമി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി ഭേദഗതി വരുത്തി നിശ്ചയിച്ചിട്ടുള്ളതും ആയത് വർക്കിംഗ് കമ്മിറ്റിയെയും മാനേജിംഗ് കമ്മിറ്റിയെയും യഥാസമയം അറിയിച്ചിട്ടുള്ളതുമാണ്.

A. മാനദണ്ഡങ്ങൾ

A-1. പ്രായം

40-നും 55-നും ഇടയ്ക്ക്.

A-1 (a): പ്രായം കണക്കാക്കുന്നതിന് മാമോദീസാ രേഖ ലഭ്യമല്ല എന്നു തെളിയുന്നപക്ഷം സെക്കന്ററി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിലെ ജനനത്തീയതി അടിസ്ഥാനമാക്കേണ്ടതാണ്.

A-2: വിദ്യാഭ്യാസം

1. സെക്യുലർ - ബാച്ചിലർ ബിരുദം (മിനിമം).
2. തിയോളജിക്കൽ - ദൈവശാസ്ത്രത്തിൽ ബി.ഡി. യോ തത്തുല്യമായ ബിരുദമോ (മിനിമം).

എല്ലാറ്റിനും വ്യക്തമായ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം.

A-3: വൈദിക പരിചയം

വൈദികപദവിയിൽ 10 വർഷമെങ്കിലും പൂർത്തിയാക്കിയവരും അതിൽ 7 വർഷമെങ്കിലും ഇടവകയിൽ വികാരിയായി വൈദിക ശുശ്രൂഷ പൂർത്തിയാക്കിയവരുമായ അവിവാഹിത പട്ടക്കാരെ ആയിരിക്കണം പരിഗണിക്കേണ്ടത്.

A-3 (a): എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് യോഗ്യരായവരുടെ പട്ടികയും മറ്റും സ്ക്രീനിംഗ് കമ്മിറ്റി കൺവീനർക്ക് സമർപ്പിക്കുന്നതിനായി അസോസിയേഷൻ യോഗ നോട്ടീസിൽ നിർദ്ദേശിക്കുന്ന അവസാന ദിവസം കണക്കാക്കിയായിരിക്കും പ്രായം, വിദ്യാഭ്യാസം, വൈദികപരിചയം എന്നിവയുടെ പരിധി നിർണ്ണയിക്കുന്നത്.

A-4: ആരോഗ്യം

ശാരീരികവും മാനസികവും വൈകാരികവുമായ ആരോഗ്യമുള്ളവരായിരിക്കണം.

A-5: പൊതുവായി

വേദശാസ്ത്രജ്ഞാനം, പ്രഭാഷണകല, അജപാലന തൽപരത, നല്ല മനുഷ്യബന്ധങ്ങൾ, നല്ല സാമൂഹ്യബോധം, എക്യുമെനിക്കൽ ബന്ധങ്ങൾ, ഭരണസാമർത്ഥ്യം, നേതൃപാടവം, സന്യാസജീവിതനിഷ്ഠ തുടങ്ങിയവയിൽ സവിശേഷ സാക്ഷ്യവും മികവും ഉള്ളവരായിരിക്കണം.

A-6: അയോഗ്യത

എപ്പിസ്കോപ്പാ സ്ഥാനികളെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ തെരഞ്ഞെടുത്ത് ഭരണഘടനയുടെ 113-ാം വകുപ്പ് പ്രകാരം പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുന്നതുവരെ മലങ്കര അസ്സോസിയേഷനു മുമ്പോ, അതിനുശേഷമോ എപ്പിസ്കോപ്പാ സ്ഥാനത്തിനുവേണ്ടി സ്വയമായോ മറ്റുള്ളവർ മുഖാന്തിരമോ ഏതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ പ്രവർത്തനങ്ങളോ നടത്തുന്നത് അയോഗ്യത ആയിരിക്കും. അയോഗ്യതകൾ ഉന്നയിക്കപ്പെടുകയും അത് സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ഉണ്ടാവുകയും ചെയ്താൽ അത്തരം പരാതികൾ കേൾക്കുന്നതിനും ആദിയോടന്തം കാര്യങ്ങൾ തുടർച്ചയായി നിരീക്ഷിക്കുന്നതിനുമായി (Monitoring) പരിശുദ്ധ എപ്പിസ്കോപ്പൽ സിനഡ് നിശ്ചയിക്കുന്ന ഒരു മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നിയമവിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു മോണിട്ടറിംഗ് കമ്മിറ്റിയെ പരിശുദ്ധ കാതോലിക്കാ നിയമിക്കുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശകൾ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന് സമർപ്പിക്കേണ്ടതാണ്.

B. നടപടിക്രമം

B-1: സ്ക്രീനിംഗ് കമ്മിറ്റി

പരിശുദ്ധ എപ്പിസ്കോപ്പൽ സിനഡ് നിശ്ചയിക്കുന്ന, 60 വയസ്സും, മേല്പട്ട സ്ഥാനത്ത് 20 വർഷവും പൂർത്തിയാക്കിയ രണ്ട് മെത്രാപ്പോലീത്താമാരും, മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റ് ചെയ്യുന്ന ഒരു മെത്രാപ്പോലീത്തായും, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി, അസ്സോസിയേഷൻ സെക്രട്ടറി എന്നീ മൂന്ന് സ്ഥാനികളും, അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന കുറഞ്ഞത് 55 വയസ്സ് പ്രായമുള്ള മൂന്നുപേരും (ഒരു വൈദികനും രണ്ട് അത്മായക്കാരും), സഭയുടെ രണ്ട് വൈദിക സെമിനാരികളിൽ നിന്നും മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റ് ചെയ്യുന്ന രണ്ട് സീനിയർ അദ്ധ്യാപകരും ഉൾപ്പെടെ പതിനൊന്ന് (11) പേർ അടങ്ങുന്ന ഒരു സ്ക്രീനിംഗ് കമ്മിറ്റി മലങ്കര മെത്രാപ്പോലീത്തായുടെ കല്പന മൂലം നിലവിൽ വരുന്നതും ആയതിൽ ഒരു മെത്രാപ്പോലീത്തായെ കൺവീനറായി മലങ്കര മെത്രാപ്പോലീത്താ നിയമിക്കുന്നതുമാണ്. ഓരോ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പിനും മുമ്പായി സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കപ്പെടേണ്ടതും എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പോടുകൂടി ഈ കമ്മറ്റിയുടെ കാലാവധി അവസാനിക്കുന്നതുമാണ്. കമ്മിറ്റിയിൽ ഒഴിവ് വന്നാൽ ആ ഒഴിവ് നികത്തുവാൻ മലങ്കര മെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ടായിരിക്കും. യുക്തമായ നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ സ്ക്രീനിംഗ് കമ്മിറ്റി കൂടി നിശ്ചയിച്ച് മലങ്കര മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി നടപ്പാക്കേണ്ടതാണ്.

B.2: യോഗ്യരായവരെ കണ്ടെത്തൽ

എപ്പിസ്കോപ്പൽ സ്ഥാനത്തേയ്ക്ക് യോഗ്യരെന്ന് തങ്ങൾക്ക് ബോദ്ധ്യമുള്ളവരുടെ പട്ടിക മെത്രാപ്പോലീത്താമാർ തയ്യാറാക്കി സ്ക്രീനിംഗ് കമ്മിറ്റിയുടെ കൺവീനർക്ക് അയച്ചുകൊടുക്കേണ്ടതാണ്. കൂടാതെ അസ്സോസിയേഷൻ അംഗങ്ങളിൽ 30 പേർ ഒപ്പിട്ടും അർഹരായവരുടെ പേരുകൾ സ്ക്രീനിംഗ് കമ്മിറ്റിയുടെ കൺവീനർക്ക് സമർപ്പിക്കാവുന്നതാണ്. എന്നാൽ സ്ക്രീനിംഗ് കമ്മിറ്റി

യിൽ അംഗങ്ങളായുള്ള വൈദികരുടെ പേരുകൾ എപ്പിസ്കോപ്പാ സ്ഥാന ത്തേക്ക് പരിഗണിക്കുന്നതല്ല.

B-3: പരിഗണനാർഹമായി ലഭിച്ചിട്ടുള്ള എല്ലാവരിൽ നിന്നും സ്ക്രീനിംഗ് കമ്മിറ്റി കൺവീനർ അവരുടെ ബയോഡേറ്റ വരുത്തേണ്ടതാണ്.

B-4: കോൺഫിഡൻഷ്യൽ റിപ്പോർട്ട്

സ്ക്രീനിംഗ് കമ്മിറ്റി കൺവീനർ, പരിഗണനാർഹരായവരുടെ പട്ടിക യിൽപ്പെട്ട എല്ലാവരേയും സംബന്ധിച്ച് താഴെപ്പറയുന്നവരിൽ നിന്നും കോൺഫി ഡൻഷ്യൽ റിപ്പോർട്ട് വരുത്തുക.

1) അയാളുടെ മെത്രാസന മെത്രാപ്പോലീത്താ.

2) പട്ടം കൊടുത്ത മെത്രാപ്പോലീത്താ.

3) വൈദികനായി സേവനം അനുഷ്ഠിച്ചിട്ടുള്ള മെത്രാസനത്തിലെ മെത്രാ പ്പോലീത്താ.

4) ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മെത്രാസനത്തിലെ മെത്രാപ്പോ ലീത്താ.

5) വൈദിക/വേദശാസ്ത്ര/സെക്യുലർ വിദ്യാഭ്യാസം നേടിയ സ്ഥാപന ത്തിന്റെ തലവൻ.

6) ഒരു സന്യാസാശ്രമത്തിന്റെയോ ആത്മീയ പ്രസ്ഥാനത്തിന്റെയോ സഭ വക സ്ഥാപനത്തിന്റെയോ അംഗമെങ്കിൽ അതത് സ്ഥാപനത്തിന്റെ മേലധികാ രി.

7) മാതൃ ഇടവക വികാരി.

8) ഏതെങ്കിലും സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരെങ്കിൽ ആ സ്ഥാപന ത്തിന്റെ മേലധികാരി.

9) അയാളുടെ സ്വഭാവശുദ്ധി, ആത്മീയ ജീവിതം, മൂല്യാധിഷ്ഠിത കുടും ബപശ്ചാത്തലം, ആരാധന, പ്രസംഗം, സാമൂഹ്യബന്ധങ്ങൾ, ഇടവകശുശ്രൂ ഷ, കൃതികൾ, ലേഖനങ്ങൾ, സാമൂഹ്യസേവന സ്ഥാപനങ്ങൾ, ആത്മീയ പ്രസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾ, ആരോഗ്യം, സ്വകാര്യസമ്പത്തുകൾ, ഏതെങ്കിലും സൊസൈറ്റിയിലോ ട്രസ്റ്റിലോ അംഗത്വമുണ്ടെങ്കിൽ അവ സംബ ന്ധിച്ചുള്ള വിവരങ്ങൾ, പരാതികൾ ഇവയെക്കുറിച്ച് രഹസ്യാന്വേഷണ റിപ്പോർട്ടും ഉണ്ടാകണം.

10) അയാളുടെ സ്വകാര്യ സ്വത്തുക്കൾ, ഏതെങ്കിലും ട്രസ്റ്റിലോ സൊസൈ റ്റിയിലോ അംഗത്വമുണ്ടെങ്കിൽ അത് സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവയുടെ പ്രതിജ്ഞാപത്രം (Declaration) അയാളിൽ നിന്നും വാങ്ങിയിരിക്കണം.

11) പരിഗണനാർഹരായിരിക്കുന്നവരിൽ നിന്ന് എപ്പിസ്കോപ്പാ സ്ഥാന ത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെടുവാനുള്ള അവരുടെ സമ്മതപത്രം സ്ക്രീനിംഗ് കമ്മിറ്റി വാങ്ങിയിരിക്കണം.

12) സ്ക്രീനിംഗ് കമ്മിറ്റി നിശ്ചയിക്കുന്ന മെഡിക്കൽ ഡോക്ടർമാർ സാക്ഷ്യ പ്പെടുത്തിയ സമഗ്ര ആരോഗ്യ സർട്ടിഫിക്കറ്റുകൾ വാങ്ങിയിരിക്കണം.

B-5: തെരഞ്ഞെടുപ്പ് പ്രക്രിയ

B-5: (1) ലഭിച്ചിരിക്കുന്ന പരിഗണനാർഹമായ പേരുകളും വിശദാംശങ്ങ ളും, കൺവീനർ മലങ്കര മെത്രാപ്പോലീത്തായുടെ ആലോചനയോടുകൂടി സ്ക്രീനിംഗ് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതാണ്.

B-5 (2): സ്ക്രീനിംഗ് കമ്മിറ്റി വിശദമായ ചർച്ചയ്ക്കും പഠനത്തിനും വില യിരുത്തലിനും ശേഷം യോഗ്യരായി കണ്ടെത്തിയവരിൽ നിന്ന് സഭയ്ക്ക് ആവ ശ്യമുള്ളത് എന്ന് നിശ്ചയിക്കുന്ന എപ്പിസ്കോപ്പാ സ്ഥാനികളുടെ സംഖ്യയുടെ ഇരട്ടി സംഖ്യ വരെ വൈദികരുടെ പേരുകൾ അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി മാനേജിംഗ് കമ്മിറ്റി കൂടുന്നതിന് 21 ദിവസം മുമ്പായി സ്ക്രീനിംഗ് കമ്മിറ്റി കൺവീനർ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതാണ്. അവർ ഓരോരുത്തരേയും സംബന്ധിച്ച് സ്ക്രീനിംഗ് കമ്മിറ്റി തയ്യാറാക്കിയ പ്രധാന വിവരങ്ങൾ കൂടി എല്ലാ മാനേ ജിംഗ് കമ്മിറ്റി അംഗങ്ങൾക്കും അയച്ചുകൊടുക്കേണ്ടതാണ്. വിവരങ്ങൾ അയ ച്ചുകൊടുക്കേണ്ടതിനുള്ള ദിവസങ്ങളുടെ കാര്യത്തിൽ ആവശ്യമെന്നു തോന്നുന്ന വ്യത്യാസങ്ങൾ വരുത്തുന്നതിന് മലങ്കര മെത്രാപ്പോലീത്തായ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

B-5 (3): മാനേജിംഗ് കമ്മിറ്റിയിൽ സമർപ്പിക്കപ്പെട്ട ലിസ്റ്റിൽ നിന്നും സഭയ്ക്ക് ആവശ്യമുള്ളത് എന്ന് നിശ്ചയിക്കുന്ന എപ്പിസ്കോപ്പാ സ്ഥാനികളുടെ സംഖ്യ യുടെ 50% കൂട്ടിയുള്ള എണ്ണം (150%) വൈദികരുടെ പേരുകൾ മാനേജിംഗ് കമ്മിറ്റി, അസ്സോസിയേഷൻ അംഗങ്ങളുടെ പരിഗണനയ്ക്കായി സമർപ്പിക്കേ ണ്ടതാണ്. തെരഞ്ഞെടുക്കപ്പെടേണ്ട എപ്പിസ്കോപ്പാസ്ഥാനികളുടെ എണ്ണം ഒറ്റ സംഖ്യയിലാണെങ്കിൽ ഈ 50% പകുതിക്ക് കൂടുതലായ പൂർണസംഖ്യയായി പരിഗണിക്കുന്നതാണ്. അവരുടെ പേരുവിവരങ്ങളും അവരെ ഓരോരുത്തരേയും സംബന്ധിച്ച് സ്ക്രീനിംഗ് കമ്മിറ്റി തയ്യാറാക്കിയ പ്രധാന വിവരങ്ങളും എല്ലാ അസ്സോസിയേഷൻ അംഗങ്ങൾക്കും അസ്സോസിയേഷൻ കൂടുന്നതിന് 21 ദിവസം മുമ്പായി അസ്സോസിയേഷൻ സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാണ്. വിവര ങ്ങൾ അയച്ചുകൊടുക്കേണ്ടതിനുള്ള ദിവസങ്ങളുടെ കാര്യത്തിൽ ആവശ്യമെന്നു തോന്നുന്ന വ്യത്യാസങ്ങൾ വരുത്തുന്നതിന് മലങ്കര മെത്രാപ്പോലീത്തായ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

B-5 (4): സഭയ്ക്ക് ആവശ്യമുള്ളത് എന്ന് നിശ്ചയിക്കുന്ന എപ്പിസ്കോപ്പാ സ്ഥാനികളുടെ ഇരട്ടി സംഖ്യ വരെ വൈദികരുടെ പേരുകൾ സ്ക്രീനിംഗ് കമ്മ റ്റിക്ക് കണ്ടെത്താൻ കഴിയാതെ വരുകയോ, 150% വൈദികരുടെ പേരുകൾ അസ്സോസിയേഷൻ അംഗങ്ങളുടെ പരിഗണനക്കായി സമർപ്പിക്കുന്നതിന് അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റിക്ക് കഴിയാതെ വരുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ മലങ്കര മെത്രാപ്പോലീത്താ മേൽപ്പറഞ്ഞ കമ്മിറ്റികളുമായി ആലോചിച്ച് യുക്തമായ തീരുമാനം എടുക്കുന്നതാണ്.

B-5 (5): ഈ നടപടിക്രമം അനുസരിച്ച് പരിഗണിക്കപ്പെടുന്നവരായിരിക്കും നിർദ്ദിഷ്ട സ്ഥാനാർത്ഥികൾ. അല്ലാത്തവർ സ്ഥാനാർത്ഥികളായി അസോസി യേഷനിൽ തെരഞ്ഞെടുപ്പിന് അർഹരായിരിക്കുകയില്ല.

B-5 (6): അസ്സോസിയേഷനിൽ നിർദ്ദിഷ്ട സംഖ്യ എപ്പിസ്കോപ്പാ സ്ഥാനി കളെ അസ്സോസിയേഷൻ അംഗങ്ങൾ വോട്ടിട്ട് തെരഞ്ഞെടുക്കേണ്ടതാണ്.

B-5 (7): പരിഗണിക്കപ്പെടുന്ന സ്ഥാനികൾക്ക് അസോസിയേഷൻ തെര ഞ്ഞെടുപ്പിനു മുമ്പ്, തെരഞ്ഞെടുപ്പിൽ നിന്നും അവരുടെ പേര് ഒഴിവാക്കുവാൻ രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

B-5 (8): അസ്സോസിയേഷൻ യോഗത്തിൽ ഹാജരായി വോട്ട് രേഖപ്പെടു ത്തുന്ന വൈദികരുടെ പ്രത്യേകവും അത്മായക്കാരുടെ പ്രത്യേകവും സാധു വായ വോട്ടുകളുടെ (Valid Votes) പകുതിയിലധികം കിട്ടിയവർ തെരഞ്ഞെടു ക്കപ്പെടുവാൻ അർഹരായിരിക്കുന്നവരാണ്. ഇപ്രകാരം യോഗ്യരായവർ ആവ ശ്യത്തിലധികം വന്നാൽ അവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ടവരെ നിർണ യിക്കുന്നതിന്, വൈദികരിൽ നിന്നും ലഭിച്ച വോട്ടിന്റെ ശതമാനവും അത്മായ ക്കാരിൽ നിന്നും ലഭിച്ച വോട്ടിന്റെ ശതമാനവും ഒരുമിച്ച് കൂട്ടുന്നതാണ്. ഏറ്റവും കൂടുതൽ ശതമാനം വോട്ടുകിട്ടിയ സഭയ്ക്ക് ആവശ്യമുള്ളയത്രയും സ്ഥാനി കൾ തെരഞ്ഞെടുക്കപ്പെട്ടതായി യോഗാദ്ധ്യക്ഷൻ പ്രഖ്യാപിക്കുന്നതാണ്.

B-5 (9): എപ്പിസ്കോപ്പാ സ്ഥാനികളുടെ തെരഞ്ഞെടുപ്പു നടപടികളിൽ എന്തെങ്കിലും പരാതികൾ ഉത്ഭവിക്കുന്നപക്ഷം ആയതു സംബന്ധിച്ച് മലങ്കര മെത്രാപ്പോലീത്താ എടുക്കുന്ന നിശ്ചയം അന്തിമമായിരിക്കുന്നതാണ്.

B-5 (10): ഈ നടപടിച്ചട്ടം നിലവിൽ വരുന്നതോടുകൂടി മെത്രാപ്പോലീത്ത ന്മാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് മുമ്പ് നിലവിലിരുന്ന എല്ലാ നടപടിക്രമ ങ്ങളും കീഴ്വഴക്കങ്ങളും റദ്ദാക്കിയിരിക്കുന്നു.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

(2021 ഡിസംബർ മാസം 17-ാം തീയതി സമ്മേളിച്ച പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചത്)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Episcopal Election 2022

1. Screening Committee Members

Met. Yuhanon Mar Milithos, Met. Dr Yacob Mr Irenaios (Convenor), Met. Dr Yuhanon Mar Diascoros, Fr Dr M.O. John (PT), Adv. Biju Oommen (AS), Fr Dr Reji Mathew (OTS), Fr Dr Jossy Jacob (STOTS), Fr Dr Sunny Chacko K. I. (MC), I. C. Cherian (MC), Jacob Kochery (MC).

2. Monitoring Committee Members


1. Met. Dr Gabriel Mar Gregorios (Pr), 2. Met. Yuhanon Mar Polycarpos, 3. Fr K. V. Paul, 4. Fr V. M. Abraham Vazhackal, 5. Fr Abraham Karamel, 6. Justice Benjamin Koshy, 7. Adv K. K. Thomas, Dr. Varghese Perayil, M. C. Sunny.



ജോഷ്വാ മാർ നിക്കോദിമോസ് പഴയസെമിനാരിയിൽ ജനന പെരുന്നാൾ ശുശ്രൂഷകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു.



ജോസഫ് മാർ ദിവന്നാസിയോസ് അടുപ്പുട്ടി ദേവാലയത്തിൽ ജനന പെരുന്നാൾ ശുശ്രൂഷകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു.



മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ: ചരിത്രം, രേഖകൾ

ഡെറിൻ രാജു, ജോയ്സ് തോട്ടയ്ക്കാട്

അവതാരിക: ഡോ. പോൾ മണലിൽ.

പഠനം ഡോ. എം. കുര്യൻ തോമസ്. മലങ്കര അസോസിയേഷനുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് സഭാചരിത്ര ഗവേഷകനായ വർഗീസ് ജോൺ തോട്ടപ്പുഴയുടെ ആധികാരിക ലേഖനങ്ങൾ. ഇതുവരെ പുറത്തു വരാത്ത വിലമതിക്കാനാവാത്ത അതിശ്രേഷ്ഠ ചരിത്രരേഖകൾ.

അസോസിയേഷൻ നടപടിചട്ടം, മെത്രാൻ തിരഞ്ഞെടുപ്പ് നടപടിചട്ടം, വർക്കിംഗ് കമ്മിറ്റി - മാനേജിംഗ് കമ്മിറ്റി നടപടിചട്ടം, അസോസിയേഷൻ മിനിട്സുകൾ (18961911), മാനേജിംഗ് കമ്മിറ്റി മിനിട്സ് (18861934), മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ പേരുകൾ (18762017), അസോസിയേഷൻ അംഗങ്ങളുടെ പേരുകൾ (1876, 1911), വർക്കിംഗ് കമ്മിറ്റി, റൂൾ കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി, മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങളുടെ പേരുകൾ, സുന്നഹദോസ് സെക്രട്ടറിമാരുടെ പേരുകൾ, വരണാധികാരികളുടെ പേരുകൾ തുടങ്ങി മലങ്കര അസോസിയേഷനുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും.

പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം. 900 പേജുകൾ. വില 600 രൂപ മാത്രം.

കോപ്പികൾക്ക് 70122 70083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.


'ആർദ്ര' ക്രിസ്തുമസ് ആഘോഷം

കോട്ടയം: മലങ്കരസഭയുടെ ജീവകാരുണ്യ പ്രസ്ഥാനമായ 'ആർദ്ര' സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷം ഡിസംബർ 16 വ്യാഴാഴ്ച രാവിലെ 10 മണിക്ക് ദേവലോകത്തുള്ള ആർദ്ര സെന്ററിൽ വച്ച് നടത്തപ്പെട്ടു. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മാസം തോറുമുള്ള നിർധനരായ ആളുകൾക്കുള്ള അന്നദാന കിറ്റുകൾ, ക്രിസ്മസ് കേക്ക്, വസ്ത്രങ്ങൾ എന്നിവ വിതരണം ചെയ്തു. വനിതാ ഫോറം കൗണ്ടറിൽ ക്രിസ്മസ് ചാരിറ്റി സെയിൽ നടത്തപ്പെട്ടു.



നോളജ് മാനേജ്മെന്റിൽ ഡൽഹി ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടിയ ആശ തോമസ് അയ്യംപറമ്പിൽ. തോട്ടയ്ക്കാട് മാർ അപ്രേം ഇടവകാംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ഇടം തേടി അലയുന്ന ക്രിസ്തു

ഫാ. സി. എ. ഐസക്ക്, ആസ്ട്രേലിയ

പിറക്കാൻ ഇടം തേടി അലയചിന്തുന്ന ക്രിസ്തു, ക്രിസ്തുമസ് കാലത്തിലെ ഏറ്റവും ചിന്തനീയമായ പ്രതീകമാണ്. കന്യകമറിയാമും യൗസേഫും കൂടി ബേത്ലഹേമിന്റെ തെരുവോരങ്ങളിലൂടെ ക്രിസ്തുവിന്റെ പിറവിക്ക് ഇടംതേടി യാചിച്ചു നടക്കുന്ന കാഴ്ച വളരെ ദയനീയമാണ്. പ്രപഞ്ച സൃഷ്ടിയിൽ എല്ലാവർക്കും അവരവരുടേതായ സ്ഥാനവും ഇടവും നല്കി സഞ്ചാരപഥങ്ങൾ ക്രമീകരിച്ച ദൈവം തന്റെ സ്വന്തമായ സ്ഥാനം നഷ്ടമായ വേദനയിൽ അലയുകയാണ്.

സൃഷ്ടിയിൽ സർവ്വ ചരാചരങ്ങൾക്കും, ജീവജാലങ്ങൾക്കും, പ്രപഞ്ചശക്തികൾക്കും, നക്ഷത്ര ജാലങ്ങൾക്കും, എല്ലാം അതാതിന്റെ സ്ഥാനം ദൈവം നല്കി. പ്രസ്തുത സ്ഥാനത്ത് സ്ഥിരപ്പെടുത്തുകയും, ഉത്തരവാദിത്തങ്ങൾ നല്കുകയും ചെയ്തു. ഈ ഉത്തരവാദിത്തങ്ങൾ കൃത്യമായും ചിട്ടയായും നിർവ്വഹിക്കുമ്പോഴാണ് പ്രപഞ്ചത്തിന്റെ താളക്രമം ക്രമീകൃതമാകുന്നത്. അല്ലാത്തപക്ഷം താളലയങ്ങളിൽ വ്യതിക്രമവും വ്യതിയാനവും ഉണ്ടാവുകയും പ്രപഞ്ചത്തിന്റെ നിലനിൽപ്പ് അപകടത്തിലാവുകയും ചെയ്യും, ട്രെയിൻ പാളം തെറ്റിയാലുണ്ടാകുന്ന അപകടം പോലെ. സൂര്യനും സൂര്യന്റെ സ്ഥാനവും, നിയത ജോലിയുമുണ്ട്. ചന്ദ്രനും ചന്ദ്രന്റെ സ്ഥാനവും, നിയതക്രമവും ഉണ്ട്. അതുപോലെ നക്ഷത്രങ്ങൾക്കും സർവ്വചരാചരങ്ങൾക്കും, ഓരോന്നും അതാതിന്റെ സ്ഥാനത്ത് ഉത്തരവാദിത്തത്തോടെ നില്ക്കുമ്പോഴാണ് സ്ഥാനത്തിന്റെ മഹിമയും, സൃഷ്ടിയുടെ മനോഹാരിതയും, പ്രപഞ്ചത്തിന്റെ താളവും ഒത്തുചേർന്നു വരുന്നത്. ഉദാഹരണത്തിന് നിസാരമെന്ന് നാം കരുതുന്ന മണലിന്റെ കാര്യം നോക്കുക, കടൽപുറത്ത് കിടക്കുമ്പോൾ മണലിന് ലഭിക്കുന്ന മനോഹാരിതയും, സ്വീകാര്യതയും മുറിയ്ക്കുള്ളിൽ കയറികിടക്കുമ്പോൾ ലഭിക്കുന്നില്ലല്ലോ. വീട്ടമ്മമാർ അതിരാവിലെ ചൂലുമെടുത്തു അത് അടിച്ചുവാരി പുറത്തേക്കെറിയും. എന്നാൽ കടൽപുറത്താകുമ്പോൾ അതിൽ നാം കളിക്കുന്നു, രമിക്കുന്നു, ദേഹത്തു വാരിപൂശുന്നു. എത്ര മനോഹാരിതയും ആസ്വാദ്യതയും അവിടെ അതിനു ലഭിക്കുന്നു.



ഈ സ്ഥാനസ്ഥിതമായ താളക്രമം തെറ്റുകയോ, തെറ്റിക്കുകയോ ചെയ്യുന്ന എല്ലാ മേഖലകളിലും അസ്വസ്ഥതകളും, സംഘർഷങ്ങളും, വലിയ അപകടങ്ങളും അരാജകത്വവും ഉണ്ടാവുകയും, സാമൂഹ്യനിലനില്പ് അപകടത്തിലാവുകയും ചെയ്യും. കുടുംബങ്ങളിൽ ഭാര്യയും ഭർത്താവും അവരവരുടെ സ്ഥാനവും ഉത്തരവാദിത്തവും ഭംഗിയായി തിരിച്ചറിഞ്ഞ് ആ ട്രാക്കിലൂടെ സഞ്ചരിച്ചാൽ ഒരിക്കലും അത്തരം കുടുംബങ്ങളിൽ ഒരു പൊട്ടിത്തെറിയും ഉണ്ടാവുകയില്ല. അതുപോലെ തന്നെ അമ്മാവിയമ്മ മരുമകൾ പ്രശ്നത്തിലും, ഇടവകകളിലെ ഭരണക്കാരും വിശ്വാസികളും തമ്മിലും, രാഷ്ട്രീയ, മത, സാമുദായിക മേഖലകളിലും എല്ലാം ഒരാളിന്റെ സ്ഥാനം മറ്റൊരാൾ കവർന്നെടുക്കാൻ അനുവദിക്കാതെ അവരവരുടെ സ്ഥാനത്തു അവരവർക്ക് പ്രവർത്തന സ്വാതന്ത്ര്യം നല്കുമ്പോൾ സാമൂഹ്യജീവിതം വളരെ മനോഹരമാകും എന്നതിൽ തർക്കമില്ല. റോഡുകളിൽ കൃത്യമായി വരച്ചുകാണിച്ചിരിക്കുന്ന ട്രാക്കുകളും, കളിക്കളങ്ങളിലെ ബൗണ്ടറി രേഖകളും (അതിർവരകൾ) എല്ലാം ഓരോരുത്തരുടെ സ്ഥാനത്തെക്കുറിച്ച് അവരവരെ ബോദ്ധ്യപ്പെടുത്തുന്ന രേഖകളാണ്.

ഈ പശ്ചാത്തലത്തിൽ വേണം തന്റെ സ്ഥാനം തേടി അലയുന്ന ദൈവത്തെ നാം തിരിച്ചറിയേണ്ടത്. പ്രപഞ്ചസൃഷ്ടിയിൽ സകല ചരാചരങ്ങൾക്കും അതാതിന്റെ സ്ഥാനം നല്കി ക്രമീകരിച്ച ദൈവം തനിക്കായി തിരഞ്ഞെടുത്ത ഇടം മനുഷ്യന്റെ ഹൃദയം ആയിരുന്നു. കാരണം സ്നേഹസമ്പന്നനായ ദൈവം അതിന്റെ ഏറ്റവും വലിയ ആഗ്രഹം മനുഷ്യരോടുകൂടെ വസിക്കുക എന്നതായിരുന്നു. എക്കാലത്തേയും അവന്റെ ആഗ്രഹവും അതുതന്നെയാണ്. പിൽക്കാലത്ത് ആ ആഗ്രഹം ദൈവം മോശയോട് വെളിപ്പെടുത്തുന്നത് നാം കാണുന്നുണ്ടല്ലോ. (പുറ. 25:8) ഇപ്രകാരം മനുഷ്യന്റെ ഹൃദയത്തിൽ തന്റെ ഇടം കണ്ടെത്തിയ ദൈവം മനുഷ്യനോട് ഒരു വ്യവസ്ഥ മാത്രം കർശനമായി പറഞ്ഞിരുന്നു. നന്മയും തിന്മയും തിരഞ്ഞെടുക്കേണ്ട സന്ദർഭം വരുമ്പോൾ എന്നോട് കൂടി ആലോചിക്കണം. ഈ വ്യവസ്ഥ പാലിച്ചിടത്തോളം കാലം മനുഷ്യൻ സ്വർഗ്ഗസുഖം അനുഭവിച്ച് ഏദൻതോട്ടത്തിൽ ദൈവത്തോടൊപ്പം ആഹ്ലാദിച്ചു ജീവിച്ചു. നന്മതിന്മകളെ തിരഞ്ഞെടുക്കുവാനുള്ള അവകാശവും സ്വാതന്ത്ര്യവും മനുഷ്യൻ ദൈവത്തിനു നല്കിക്കൊണ്ടു ജീവിച്ച കാലഘട്ടം ആണ് മനുഷ്യജീവിതത്തിലെ ഏറ്റവും സുവർണ്ണ കാലം. മുകളിൽ സൂചിപ്പിച്ചതുപോലെ സ്ഥാനസ്ഥിതമായ പ്രപഞ്ചത്തിന്റെ താളലയങ്ങൾ അനർഗ്ഗളമായി ഒഴുകിയ കാലഘട്ടം.

എന്നാൽ വളരെ പെട്ടെന്ന് മനുഷ്യൻ സാത്താന്റെ വഞ്ചനയിൽ വശീകരിക്കപ്പെടുകയും ദൈവവുമായുള്ള വ്യവസ്ഥ തെറ്റിക്കയും ദൈവത്തിന് നല്കിയിരുന്ന അവകാശവും സ്വാതന്ത്ര്യവും സാത്താനു നല്കുകയും സാത്താനെ ഹൃദയത്തിൽ കുടിയിരുത്തുകയും ദൈവത്തെ ഹൃദയത്തിൽ നിന്ന് ഇറക്കിവിടുകയും ചെയ്തു. ഈ സാഹചര്യത്തിൽ ദൈവത്തിനുണ്ടായ ഹൃദയവേദന എത്ര വലുതായിരിക്കണം. താൻ സ്വന്തമായി തനിക്കായി നിർമ്മിച്ച ഭവനത്തിൽ നിന്ന് തന്നെ ഇറക്കിവിടുകയും തന്റെ ആജന്മ ശത്രുവിന് അവിടെ അധികാരവും അവകാശവും നല്കുകയും ചെയ്യുക എന്നത് എത്ര ക്രൂരമായ വഞ്ചനയാണ്. ഈ വഞ്ചനയാണ് മനുഷ്യൻ ദൈവത്തോടു ചെയ്തത്. സാധാരണ നിലയിൽ ചിന്തിച്ചാൽപോലും നീതീകരണം ഇല്ലാത്ത വഞ്ചന. അതോടുകൂടി പ്രപഞ്ചത്തിന്റെ താളക്രമങ്ങൾ എല്ലാം തെറ്റുകയായി. ക്രൂരതയും, വഞ്ചനയും, ചതിയും, കൊലപാതകവും, അഹങ്കാര മനോഭാവവും, സ്വാർത്ഥതയും, ചൂഷണവും, അധികാരക്കൊതിയും എല്ലാം കൊടികുത്തിവാഴുന്ന വൈകൃത മുഖങ്ങളോടുകൂടി ലോകം വിരൂപമായി. ഇന്നു തന്റെ ഇരിപ്പിടമായി താൻ തിരഞ്ഞെടുത്ത തന്റെ വീട്ടുവാതിൽക്കൽ ഉടമസ്ഥനായ ദൈവം ദീയനായ സ്വരത്തിൽ മുട്ടിക്കൊണ്ടു ചോദിക്കുന്നു, "കണ്ടാലും ഞാൻ വാതിൽക്കൽനിന്ന് മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നു തന്നാൽ ഞാൻ അകത്ത് വന്ന് അവനോടും അവൻ എന്നോടും അത്താഴം കഴിക്കും" (വെളി. 3:20). ഇവിടെയാണ് ദൈവത്തിന്റെ സ്ഥാനം നാം ദൈവത്തിന് കൊടുക്കണോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത്? ഈ ചോദ്യത്തിന്റെ ഉത്തരം ആണ് ക്രിസ്തുമസിൽ നാം കണ്ടുപിടിക്കേണ്ടത്.

എങ്ങനെയാണ് ദൈവത്തിന്റെ ഇടം ദൈവത്തിന് കൊടുക്കുവാൻ നമുക്ക്

കഴിയുന്നത്? ഒരു ഉത്തരമേ ഈ ചോദ്യത്തിനുള്ളു. അതായത് നമ്മുടെ ഇടത്തെക്കുറിച്ചുള്ള ബോധം നമുക്ക് ഉണ്ടാകുമ്പോൾ മാത്രമേ ദൈവത്തിന്റെ ഇടം അതായത് 'നമ്മുടെ ഹൃദയം' ദൈവത്തിന് നല്കുവാൻ നമുക്ക് കഴിയുകയുള്ളു. നമ്മുടെ ഇടം ഏതാണ്? ഇത് നമ്മെ ബോദ്ധ്യപ്പെടുത്തുവാനാണ് പിതാക്കന്മാർ നമ്മുടെ ദേവാലയങ്ങൾക്ക് 'ഇടവക' എന്ന് പേർ നല്കിയിരിക്കുന്നത്. നമ്മുടെ വകയായ, സ്വന്തമായ ഇടം എന്നാണ് അതിന്റെ അർത്ഥം. അത് ആ പള്ളിയോ പള്ളിയോടനുബന്ധമായി കെട്ടിപ്പൊക്കിയിട്ടുള്ള സ്ഥാപനങ്ങളോ, വസ്തുവകകളോ ഒന്നുമല്ല. മറിച്ച് ആ പള്ളിയോടു ചേർന്ന് നമുക്ക് അന്തിയുറങ്ങുവാൻ തിരിച്ചിട്ടിരിക്കുന്ന ആറടി * മൂന്നടി ഭൂമിയാണ്. ഓരോ മനുഷ്യനും സ്വന്തമായി ഈ ലോകത്തിൽ അതു മാത്രമേ ഉള്ളു എന്ന് തിരിച്ചറിയുവാനാണ് അതിനെ 'വകയായ ഇടം' എന്നർത്ഥമുള്ള ഇടവക എന്ന് വിളിക്കുന്നത്. ഈ ലോകത്തിൽ നമ്മൾ ലക്ഷങ്ങളോ, കോടികളോ മുടക്കി വസ്തുവകകൾ വാരികൂട്ടിയാലും അതിനെ ഒന്നും നമ്മൾ ഇടവക എന്ന് വിളിക്കാത്തത് അത് ഒന്നും നമ്മുടെ സ്വന്തമല്ലാത്തതുകൊണ്ടാണ്.

ആകയാൽ മനുഷ്യൻ താൻ ഇത്രയേ ഉള്ളു എന്നു, താൻ വളരെ നൈമിഷികനും നശ്വരനും ആണ് എന്നു തിരിച്ചറിയുമ്പോൾ മാത്രമേ അനശ്വരനായ ദൈവത്തെ തന്റെ ഹൃദയത്തിൽ കുടിയിരുത്തുവാനുള്ള ആഗ്രഹം ഉണ്ടാകുകയുള്ളു. കാരണം അനശ്വരനായ, ഒരിക്കലും മരണമില്ലാത്തവനായ ദൈവം തന്റെ ഹൃദയത്തിൽ വസിക്കുമ്പോൾ താനും അനശ്വരനായി മാറുന്നു എന്ന തിരിച്ചറിവ് അവനിൽ ഒരു പുതിയ ഉൾബോധം ഉണ്ടാക്കും. നിത്യതയിൽ ദൈവത്തോടു ചേർന്ന് അനസ്വരനായി ജീവിക്കുവാനുള്ള അവസരം ആണ് അതിലൂടെ സംജാതമാകുന്നത് എന്ന തിരിച്ചറിവ് വലിയ ആഹ്ലാദവും ആശ്വാസവും മനുഷ്യന് നല്കുന്നു. ഇപ്രകാരം ദൈവത്തിന്റെ ഇടം ദൈവത്തിന് തിരിച്ചു നല്കുമ്പോൾ പ്രപഞ്ചത്തിന്റെ താളക്രമം സന്തുലിതമാവുകയും, സൃഷ്ടിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാൽകരിക്കപ്പെടുകയും, ആദിയിലെ ഏദൻതോട്ടമായി ലോകം മാറുകയും ചെയ്യും. ആകയാൽ ഈ ലോക ജീവിതകാലത്ത് ഓരോ മനുഷ്യനും അവനവന്റെ ഇടത്തെക്കുറിച്ചുള്ള ബോധത്താൽ നിറയട്ടെ. ദൈവത്തിന്റെ ഇടം ദൈവത്തിന് നല്കട്ടെ, ജീവിതം ആഹ്ലാദപൂർണ്ണമാകട്ടെ, ക്രിസ്തുമസ് അർത്ഥപൂർണ്ണമാകട്ടെ.

❑

പൊനോടത്ത് മത്തായി കത്തനാരുടെ രക്തസാക്ഷിത്വത്തിന് 100 വയസ്

മുളന്തുരുത്തി: മലങ്കരസഭയിലെ ഒന്നേകാൽ നൂറ്റാണ്ട് പിന്നിടുന്ന കാതോലിക്കാ-പാത്രിയർക്കീസ് വിഭാഗീയതിൽ ജീവൻ ബലിയർപ്പിക്കേണ്ടി വന്ന ഏക പട്ടക്കാരൻ മുളന്തുരുത്തി മാർത്തോമ്മൻ പള്ളി വികാരി പൊനോടത്ത് മത്തായി കത്തനാരുടെ രക്തസാക്ഷിത്വന് 2021 ഡിസംബർ 23-ന് നൂറ് വയസ് തികയുന്നു.

1876-ലെ മുളന്തുരുത്തി സുന്നഹദോസ് കാലത്ത് മുളന്തുരുത്തി മാർത്തോമ്മൻ പള്ളി വികാരി ആയിരുന്ന തോപ്പിൽ ചെറിയതു ചെറിയ കത്തനാരുടെ



പൗത്രനും മുളന്തുരുത്തി മാർത്തോമ്മൻ പള്ളി വികാരി ആയിരുന്ന പൊനോടത്ത് മത്തായി കത്തനാരും, പള്ളി കൈക്കാരനും മലങ്കര സഭാ മാനേജിംഗ് കമ്മറ്റി അംഗവും ആധുനിക മുളന്തുരുത്തിക്ക് അടിസ്ഥാനമിട്ട സാമൂഹിക പരിഷ്ക്കർത്താവുമായ ചാലിൽ കോച്ചു കോരയും കക്ഷിവഴക്കിന്റെ പേരിൽ പ്രകോപനമില്ലാതെ പള്ളിമേടയിൽ മർദ്ദനമേറ്റത് ഒരേ സമയത്താണ്. പ. പരുമല തിരുമേനിയ്ക്ക് സ്വന്ത നാടായ മുളന്തുരുത്തിയിൽ ഉണ്ടായിരുന്ന ഏക ശിഷ്യനായിരുന്നു പാനോടത്ത് മത്തായി കത്തനാർ.

ചാലിൽ കോച്ചു കോര ഉടൻ മരിച്ചു. മർദ്ദനമേറ്റു അബോധാവസ്ഥയിലായ മത്തായി കത്തനാർ ഡിസംബർ 23-ന് മരിച്ചു. മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ പിറ്റന്നു കബറടക്കി. മത്തായി കത്തനാരുടെ പൗത്ര പുത്രന്മാരാണ് നാഗപൂർ സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ജോസി ജേക്കബും മുളന്തുരുത്തി മാർത്തോമ്മൻ പള്ളി കൈക്കാരൻ എബിൻ മത്തായിയും.

പൊനോടത്ത് മത്തായി കത്തനാരുടെ രക്തസാക്ഷിത്വ ശതാബ്ദിയായ 2021 ഡിസംബർ 23-ന് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും തുടർന്ന് മത്തായി കത്തനാരുടെ കബറുങ്കൽ ധൂപപ്രാർത്ഥ നടത്തുകയും ചെയ്തു.



ഭയമില്ലാത്ത ലോകമുണ്ടാകട്ടെ

യേശുനാഥന്റെ ജനനത്തിങ്കൽ ദൈവീക സന്ദേശവാഹകർ നൽകിയ സന്ദേശം "ഭയപ്പെടേണ്ട; സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു" എന്നാണ്. മതത്തിന്റെ പേരിൽ, സാംസ്കാരിക വിവേചനം മൂലം, രാഷ്ട്രീയ നിലപാടുകളുടെ പേരിൽ, ലിംഗനീതിരാഹിത്യത്താൽ ഒക്കെ ഭയം ജനിപ്പിക്കുന്ന സാഹചര്യമാണ് പലപ്പോഴും നമുക്ക് ചുറ്റും ഉരുത്തിരിഞ്ഞു വരുന്നത്. എന്നാൽ, ആരോഗ്യകരമായ പാരസ്പര്യത്തിന്റെ മദ്ധ്യത്തിൽ ഭയത്തെ ദൂരീകരിച്ച് വർദ്ധിതമായ സന്തോഷത്തിലും അതുനൽകുന്ന സമാധാനത്തിലും വസിക്കാനുള്ള ആഹ്വാനം ഈ സന്ദേശത്തിൽ കാണാം. ഈ ആശംസയിലെ സർവ്വ ജനത്തിനും എന്ന വിശേഷണം വിവേചന രഹിതമായ, ഉച്ചനീചത്വ രഹിതമായ സാർവ്വലൗകീക പാരസ്പര്യമാണ് ലക്ഷ്യമിടുന്നത്. ഈ പാരസ്പര്യത്തിൽ പ്രകടമാകുന്ന ആത്മീയത നമ്മെ ഭയമില്ലാത്തവരാക്കുന്നു. ഇവിടെയാണ് ക്രിസ്തുമസ് അർത്ഥപൂർണമാകുന്നത്. ഈ വിധമുള്ള സാർത്ഥകമായ ജീവിതാനുഭവം എല്ലാ വായനക്കാർക്കും ക്രിസ്തുമസ് ആശംസയായി നേരുന്നു; ഒരു പ്രത്യാശാപൂർണ്ണമായ പുതുവർഷവും ഉണ്ടാകട്ടെ.

യൂഹാനോൻ മോർ മിലിത്തോസ് മെത്രാപ്പോലീത്ത
ഓർത്തഡോക്സ് സുറിയാനി സഭ, തൃശ്ശൂർ ഭദ്രാസനം

വചനതീർത്ഥം



ദൈവ അന്വേഷണം

ജനന പെരുന്നാളിന് ശേഷം ഒന്നാം ഞായർ (വിശുദ്ധ മത്തായി 2:9-23)

ഫാ. കെ. കെ. വർഗീസ്

യേശുക്രിസ്തുവിന്റെ ജനനം മുതൽ മരണം വരെ അനവധി ആളുകൾ അവനെ അന്വേഷിച്ച് കൊണ്ട് ഇരുന്നു. അവനെ സേവിക്കാനും എന്തെങ്കിലും നേടാനും അവനെ കേൾക്കാനും കാണാനും,അവനെ അപായപ്പെടുത്താൻ........ അങ്ങനെ വിവിധ തരത്തിലുള്ള അന്വേഷണം. അവരിൽ ചിലർ ധനികരും ചിലർ ദരിദ്രരുമായിരുന്നു.

ചിലർ യഹൂദൻമാരും ചിലർ വിജാധികളും ആയിരുന്നു. ചിലർ അവനോടുള്ള കരുതിലിനാൽ ആയിരുന്നു അവനെ തിരഞ്ഞെടുത്തത്; ചിലരാവട്ടെ അവനോടുള്ള അനിഷ്ടം മൂലവും..

വിദ്വാന്മാരുടെ അന്വേഷണം (വിശുദ്ധ മത്തായി 2:9)

ഇവിടെ പരാമർശിക്കപ്പെടുന്ന വിദ്വാൻമാർ ജ്യോതിശാസ്ത്രജ്ഞന്മാരോ മന്ത്രവാദികളോ അമാനുഷിക അറിവുകൾ ഉള്ളവരോ ഒക്കെ ആയിരുന്നിരിക്കാം.

പക്ഷേ അവർ വന്നത് അവനെ നമസ്കരിപ്പാൻ ആയിരുന്നു. വിശുദ്ധ മത്തായി 2:2.

സൂചക നക്ഷത്രം (വി.മത്തായി 2/2)

തങ്ങൾക്ക് വെളിപ്പെട്ട നക്ഷത്രം,'അവൻറെ നക്ഷത്ര ' മെന്ന് വിദ്വാൻമാർ എങ്ങനെയാവും അറിഞ്ഞിട്ട് ഉണ്ടാവുക? ജ്യോതിശാസ്ത്രമോ മറ്റെന്തെങ്കിലും മാർഗമോ ആയിരിക്കില്ല ആ അറിവിൻറെ പിന്നിൽ.മറിച്ച്, ഹെരോദാ വിൻറെ അടുക്കൽ മടങ്ങി പോകരുതെന്ന അരുളപ്പാട് പോലെ (2:2)ഒരു ദർശന സാധ്യത നാമറിയേണ്ടതാ യിട്ടുണ്ട്. സംഖ്യ 24:17- ൽ പറയുന്നതുപോലെ, ' യാക്കോബിൽ നിന്ന് ഒരു നക്ഷത്രം പുറപ്പെടുമെന്ന്' തിരുവചന വാക്യം അവർക്ക് അറിയാമായിരുന്നിരിക്കാം.

അന്വേഷണത്തിനൊടുവിൽ... (2:11)

വീട്ടിൽ ചെന്ന് ശിശുവിനെ കണ്ടു, വീണു നമസ്കരിച്ചു, കാഴ്ചകൾ സമർപ്പിച്ചു. യഥാർത്ഥ ആരാധനയുടെ ഘടകങ്ങൾ ഇവയാണ്. അവനെ കണ്ടെത്തുക, ആരാധിക്കുക. വ്യക്തിപരമായ ഒരു കണ്ടുമുട്ടൽ അതിനെ തുടർന്നുള്ള ആരാധന.ഇത് എത്ര മനോഹരവും അർത്ഥവത്തുമായ അനുഭവം ആണ് ദൈവാന്വേഷണവും ദൈവാരാധനയും പരസ്പരം ഇഴചേർന്ന് കിടക്കുന്ന സംഗതികളാണ് എന്ന് അറിഞ്ഞിരിക്കണം.

വീണു നമസ്കരിച്ചു (2:11)

ഇത് ആരാധനയുടെ സുപ്രധാന ഭാഗവും ഭാവവുമാണ്. താഴ്ന്ന സ്ഥാനം സ്വീകരിച്ച് അവൻറെ ഉയർന്ന സ്ഥാനം തിരിച്ചറിയുക. അവൻറെ മുൻപിൽ വിനയപൂർവ്വം പ്രണമിക്കുക.

നിക്ഷേപ പാത്രങ്ങളെ തുറന്നു... (2:11b)


രാജാധിരാജന് സമർപ്പിക്കുവാൻ ഏറ്റവും വിലയേറിയ വസ്തുക്കളാണ് വിദ്വാന്മാർ കരുതി വന്നത്. രാജകീയ സമ്പത്തും മഹത്വവും സൂചിപ്പിക്കുന്ന സ്വർണവും, ദിവ്യ ആരാധനയെ പ്രതീകപ്പെടുത്തുന്ന കുന്തുരുക്കവും, രക്ഷാകരമായ കഷ്ടനുഭവത്തെയും മരണത്തെയും പൊരുൾ തിരിക്കുന്ന മീറയും.

ഏറ്റവും മികച്ചത് കാഴ്ചയണക്കുവാനും അർപ്പണത്തിനും അർപ്പിത വസ്തുവിനും ഒരു അർത്ഥം ഉണ്ടാകുവാനും ശ്രദ്ധിക്കേണ്ടതിന്റെ സൂചനകൾ ഇവിടെ വായിച്ചെടുക്കാവുന്നതാണ്.

ദൈവ അന്വേഷണത്തിലെ വൈരുദ്ധ്യങ്ങൾ

1. ഹെരോദാവ്(2/4).

ശക്തനും ക്രൂരനും സർവസൈന്യാധിപനും ആയ ഒരുവന്റെ ദൈവാ ന്വേഷണത്തിന്റ് തലം നോക്കുക. രാജാവായ തന്റെ നിലനിൽപ്പിനെ



പോലും ബാധിച്ചേക്കാവുന്ന രാജാധിരാജാവായവനെ മുളയിലേ തകർത്തു കളയനം എന്ന് അയാൽ ചിന്തിക്കുന്നു. അവൻ തിരുവചനപ്രകാരം ജനിക്കുന്നവൻ എന്നറിഞ്ഞിട്ടും (2:6)മനോഭാവത്തിൽ മാറ്റം വരുന്നില്ല. ഹെരോദാവിന്റെ അഹങ്കാരവും ശിശുവിനെ അന്വേഷിക്കുന്നതിന് പിന്നിലുള്ള കൗശലവും എത്രമാത്രമാണ്

2: യഹൂദന്മാർ (2:3).

ക്രിസ്തുവിലുള്ള രക്ഷയും പ്രത്യാശയും വിജാതികളായ വിജ്ഞാനികൾ കണ്ടെത്തിയെങ്കിലും സ്വന്തം ജനമായ യൂദൻമാരുടെ മനോഭാവം നോക്കുക.

അശ്രദ്ധരും നിസ്സംഗരുമാണവർ. യുഗങ്ങളുടെടെ പ്രത്യാശാനക്ഷത്രം ആയ ക്രിസ്തു ഉദിച്ചിട്ടുംഅവർ അവനെ അവഗണിച്ചു കളഞ്ഞു.

3: വിദ്വാന്മാർ

ഹെരോദാവിന്ടെ വിദ്വാന്മാർ എന്നത് മഹാപുരോഹിതന്മാരും ശാസ്ത്രിമാരും ഒക്കെ ചേർന്ന ഒരു വലിയ സംഘമാണ്. അവർ തിരുവചനം അറിയുന്നവരും എല്ലാ ചോദ്യങ്ങളുടെയും ഉത്തരം അറിയുന്നവരും അധികാര സ്ഥാനത്ത് ഇരിക്കുന്നവരും ഒക്കെയാണ്. (2:4) പക്ഷേ അവർ മശിഹായുടെ അധികാരവും സ്ഥാനവും ഒക്കെ നിഷേധിച്ചു.

കിഴക്കു നിന്ന് വന്ന വിദ്വാൻമാർ ആവട്ടെ അവരുടെ ക്രിസ്ത്വാനുഭവത്തിലേക്ക് വളരെ താമസിച്ചു പ്രവേശിച്ച് തുടങ്ങിയവർ മാത്രമാണ്. വളരെ ദൂരത്തുനിന്നും വന്നവർ. പക്ഷേ അവർ അവനെ വീണു നമസ്കരിച്ചു.

ഇവിടെ, കുരിശിന്റെ ഒരു മുൻകുറി കൂടിയുണ്ട്. നിസ്സഹായനായ ആ ശിശുവിൽ നിന്ന് അവരൊന്നും കേട്ടില്ല, അവന്റെ അതിശയങ്ങൾ കണ്ടില്ല, അധികാരവും സമ്പത്തും കണ്ടില്ല. എന്നിട്ടും അവർ അവനെ വന്നു കണ്ടു, നമസ്കരിച്ചു.

കുരിശിൽ മരിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിനെ കള്ളൻ കണ്ടപ്പോൾ അവന്റെ അടയാളങ്ങൾ കണ്ടില്ല, അവന്റെ ഉപദേശങ്ങൾ കേട്ടില്ല, അവൻ ദൈവം ആണെങ്കിൽ അത് തെളിയിക്കാൻ ഉള്ള മന്ത്രവിദ്യകൾ ഒന്നും കണ്ടില്ല.

എന്നിട്ടും 'വരുമ്പോൾ എന്നെയും ഓർക്കണം' എന്ന് പ്രാർത്ഥിച്ചു (വി. ലൂക്കോസ് 23:42).

പ്രാണഹാനി വരുത്തുവാൻ നോക്കിയവർ (2:20)

ഇവിടെ ഉപയോഗിക്കുന്ന ബഹുവചനരൂപം സൂചിപ്പിക്കുന്നത് രണ്ടാം അധ്യായത്തിലെ 3,4 വാക്യങ്ങൾ കൂടിയാവാം. അതുകൊണ്ടുതന്നെ ഈ ' നോട്ടക്കാർ 'നമ്മുടെ കർത്താവിന്റെ മരണത്തിന് കാരണം അന്വേഷിച്ച് വന്നവരാണ് എന്ന് കൂടി മനസ്സിലാക്കണം (വി. മത്തായി 26:3).

അവനെ കരുതുകയും സ്നേഹിക്കുകയും ചെയ്തവർ ആയിരുന്നില്ല അവർ. അവനെ പിടികൂടുകയും പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തവരായിരുന്നു. തുടക്കം മുതൽ തൻറെ കൂടെ നിന്നവരുടെ, അല്ലെങ്കിൽ ഇപ്പോഴും കൂടെ നിൽക്കുന്നവരുടെ, ജനത്തിന്റെയും, മഹാപുരോഹിതന്മാരുടെയും, പുരോഹിതന്മാരുടെയും കൂടെ നിൽപ്പ് /പിന്തുടരൽ എന്തിനുവേണ്ടി എന്ന് ധ്യാനിക്കാം.

അവൻ നസ്രായൻ എന്ന് വിളിക്കപ്പെടും (2:23)

ഈജിപ്തിലേക്ക് ഓടിപ്പോകുന്ന കുടുംബം അവിടെ താമസം ഉറപ്പിക്കുന്നു. വിശുദ്ധ മത്തായി ഈ സംഭവം ഒരു പ്രവചന പൂർത്തീകരണം എന്ന വിധമാണ് വിവരിക്കുന്നത്. ' അവൻ നസ്രായൻ എന്നു വിളിക്കപ്പെടും എന്ന് പ്രവാചകൻ മുഖാന്തരം......'

പക്ഷേ, മനസ്സിലാക്കുവാനുള്ള ഒരു സംഗതി 'നസ്രായാൻ' എന്ന പദം പഴയനിയമത്തിൽ ഒന്നും കാണുന്നില്ല എന്നതാണ്. ഒരു പക്ഷേ നസ്രായൻ (Nazarene/nazoraios) എന്ന പദം രണ്ട് പദങ്ങളുടെ സങ്കലനമാവാം.

1: നാസിർ (nazraite)എന്ന പദം വേർതിരിക്കപ്പെട്ടവൻ മുടി ക്ഷൗരം ചെയ്യാത്തവൻ, മൃതശരീരത്തിൽ സ്പർശിക്കാത്തവൻ, വീഞ്ഞ് കുടിക്കാത്തവൻ

(സംഖ്യ 6,ന്യായ.13:3/7) എന്നൊക്കെയുള്ള അർത്ഥതിലാണ് ഉപയോഗിക്കുന്നത് . പക്ഷേ, യേശുവാകട്ടെ മൃതശരീരം സ്പർശിച്ചവനും (വി. മത്തായി 9:18–25.) വീഞ്ഞ് കുടിക്കുന്നവനും (26:26/29,(ലൂക്കോസ് 7/34) ഒക്കെ ആയിരുന്നു. പക്ഷേ അവൻ വേർതിരിക്കപ്പെട്ടവൻ ആയിരുന്നു. അതുകൊണ്ട് അവൻ പൂർണ്ണ അർത്ഥത്തിൽ ഒരു നാസിർ ആയിരുന്നില്ല.

2: നേസർ (neser/netser) ഈ പദം യേശയ്യാവു 11/1 ൽ കാണാനാവും. 'വേരുകളിൽ നിന്നുള്ള കൊമ്പ് ഫലം പുറപ്പെടുവിക്കും..' ക്രിസ്തുവാണ് ഈ കൊമ്പ്.

ജെയിംസ് ബോയ്സ്, ഫ്രെഡറിക്ക് ബ്രൂണെ, ആർ. ടി. ഫ്രാൻസ് മുതലായ വേദ പണ്ഡിതരുടെ അഭിപ്രായത്തിൽ വിശുദ്ധ മത്തായിയുടെ ഈ പ്രസ്താവന ഏതെങ്കിലും ഒരു പ്രത്യേക പ്രവാചകന്റേത് അല്ല മറിച്ച് ഒന്നിലധികം പ്രവാചകന്മാരുടെ പ്രവചനങ്ങളുടെ പൂർത്തീകരണമാണ് എന്നത്രെ. അതോടൊപ്പം തന്നെ അവരുടെ അഭിപ്രായത്തിൽ,നസ്റെത് എന്ന പ്രദേശം നൂറിൽ താഴെ മാത്രം ആളുകൾ വസിക്കുന്ന ഒരു സ്ഥലമാണ്. അതുകൊണ്ടാണ്

നാഥനീയെൽ നസ്രത്തിൽ നിന്നുള്ള നന്മയെ ചോദ്യം ചെയ്യുന്നത് .(വി. യോഹ.1/46). അവൻ ആരുമല്ലാത്തവൻ/ ആരുമില്ലാത്തവൻ, (he shall be considered a nobody) എന്ന അർത്ഥം ധ്യോതിപ്പിക്കാനാവണം' നസ്രായാൻ ' എന്ന പദം വിശുദ്ധ മത്തായി ഉപയോഗിക്കുന്നത്. ഏശയ പ്രവചനം 53– അധ്യായത്തിൽ പറയുന്നത് പോലെ സ്വയം നിഷേധിച്ച, ഒന്നും അല്ലാത്തവൻ ആയി തീർന്നു ക്രിസ്തുവിന്റ് മുൻസൂചന ആണ് നസ്രായൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.

PROUD TO BE A TEACHER

Fr. Dr. P. S. Varghese

(Vicar MGOS Church, Dimapur & Principal, MGM College, Dimapur, Nagaland)

"The beautiful thing about learning is that nobody can take it away from you." - B.B.King

Recently I happen to read a column by Fatema Agarkar, (Fatema Agarkar, Educationalist, The Morung Express, 1-5-2021) an educationalist, written about what is schooling I her perspective;

"Schooling isn't about words and numbers, and learning about mountains and rivers and moon and stars, what does any of this mean when the child is lugging around a heart that is full of emotion, and pain that it dulls every information coming in."

Right education is to know human, have humanity, stood for values, and have a holistic concern about the well being of all. Gandhiji often named this as man making education. An education that is not helping us to see human values, emotions, feelings, and happiness is not an eye-opening one.

Often we heard about 3R's in education:

Reading,
Writing and
Arithmetics.

In man-making education, Gandhiji has given importance to 3H's:

Education for Head,
Education for Hand,
Education for Heart.

Today, we need an education for the heart rather than the head. The development of knowledge is not the sole purpose of education. To maintain society properly, we must create human engineers. Educational programs that emphasize values can have a significant impact on society. Gandhiji, therefore, believed education should focus more on the heart than the head. The need for skill-oriented education and skill development is widely discussed in the educational community today. Gandhiji was a pioneer of this concept with his basic skill-oriented, craft-centered education. Therefore, we must take Gandhian educational philosophies into account.

Purpose of education is man-making; it will help us to grow beyond simple wishes. For that, one must have a loving heart that loves life in its fullest sense. Whenever we run after great achievements, we may neglect simple but precious moments and persons, but sometimes life rejuvenates in these simple moments.

Let us create happiness for great minds (little scientists) in simple things also. Because every mind is a world, a world of immense opportunities. Thus help others to find out their purpose in life, and ours too.

"Great minds have purposes, others have wishes." (Washington Irving)

Church Calendar

Honour be to His Mother

St. Luke 8: 16-21

Fr. Nithin V. Rajan



The day following the feast of Yeldho, is celebrated as the day of glorification of "St Mary the Mother of God" ***(Theotokos)***. "Today is a great feast day as we glorify St Mary the more honorable than the Cherubim, and more glorious beyond the Seraphim.

Glorification of St. Mary is the Glorification of Women as she has removed the shame of Eve, and saved the reputation of women after sin. St. Mary is the mother of all generation, the pride of entire world, the queen at the right side of the King, the second Heaven, the influential intercessor, the true vine. The one who was the most humble and simple. She is the epitome of humility.

Saint Ignatius writes: "What the greatest God's servants aspired to accomplish, the Mother of God actually accomplished, thanks to the God-sent Divine grace. How did she carry it out? At first, her heart and womb were overwhelmed with the Holy Spirit. Then her womb became the Temple of the Incarnate Lord: the spiritual joy pouring from the presence of the Lord engulfed her entirely, according to her own words. As a rule, holy joy engulfs those humans who had been lucky to feel the power of the Holy Spirit, so it is natural that the Theotokos was filled with the divine joy.

The life of St. Mary is an example we can also follow.

V' **Lampstand**

"No one lights a lamp and hides it in a clay jar or puts it under a bed. Instead, they put it on a stand, so that those who come in can see the light. For there is nothing hidden that will not be disclosed, and nothing concealed that will not be known or brought out into the open. Therefore consider carefully how you listen. Whoever has will be given more; whoever does not have, even what they think they have will be taken from them." ***St. Luke 8: 16-18.***

As Christian we also have some restriction or place like the lamp, where we have to be and also where we are not supposed to be. ***Psalm 1:1-2*** *says about it "Happy are those who do not follow the advice of the wicked, or take the path that sinners tread, or sit in the seat of scoffers; but their delight is in the law of the Lord, and on his law they meditate day and night"*

Lamp has a place where it has to be kept. The scriptures clearly says it's not lit to be hid and it's kept on a particular place high so that it can provide light to all. Light came down on Christmas to brighten the world from the malice of sin and death. By this light we all see the light. We need to be brightened by this true light so that we too become lights for ourselves and others.

V' **Honoring God**

Then his mother and his brothers came to him, but they could not reach him because of the crowd. And he was told, "Your mother and your brothers are standing outside, wanting to see you." But he said to them, "My mother and my brothers are those who hear the word of God and do it." ***St. Luke 8: 19-21.***

There is blessings of honoring and pleasing the Lord's plan above our decisions. When we seek the kingdom of God first everything we need will be added to us, but usually we try the other way where everything else is more important to us than Christ. ***1 Samuel 2:30*** *"Therefore the Lord the God of Israel declares: 'I promised that your family and the family of your ancestor should go in and out before me forever'; but now the Lord declares: 'Far be it from me; for those who honor me I will honor, and those who despise me shall be treated with contempt.*

There is gravity of sin pulling us towards the vanity of the world saying "life is short enjoy". We usually close our ears to Gods saying "God's kingdom is eternal better be prepared for it". Sometimes we exchange things of great value for things of lesser value. We think there is time and keep postponing our call to holiness. Here is an illustration of the 'boiling frog' If you put a frog into a pot of boiling water, it will jump out, but if the frog into a pot of normal water and then slowly boils the water, the frog will eventually be heated to death due to its unconsciousness of the gradual temperature change. When we compare this illustration to human life we too are sinking in the deep sea of sin thinking we can jump out but the clutches of sin webs around us and we become doomed.

St. Mary also was born from parents in a natural way, she did not descend from Heaven. Her life made the difference and she ascended to Heaven. She was also subjected to temptations, but dismissed these temptations with the grace of God and her depth of prayer.

V' **Courageous Woman**

She was ready to face the consequences of the after effects of the annunciation. She was ready to bear the Lamb of God who would bear the sins of the world. She took the risk to bear the Lamb of God and so God honored her by placing her in the highest rank even above the Angels and Archangels. Saint Mary was a courageous woman who stood by Jesus even when the crowds turned against him and even to His cross she didn't desert Him.

"Mary's fight is a spiritual warfare in order to help obtain final victory over evil, because God said to the serpent in the Book of Genesis we read, "I will put enmity between you and the woman and between her seed and your seed." It takes courage to say 'No' to sin when it's so tempting and luring. To live a holy life is a difficult task but not an impossible task as St. Mary stands as a shining example of coming out victoriously from falling into temptation.

Let us also give priority to God's call so *that we* too can say with St. Mary *"For, behold, henceforth all generations will call me blessed"* ***St Luke 1:48***. By the intercession of St Mary let us say "yes" to God's plan for us. Amen. ❑

ഡോ. യൂഹാനോൻ മാർ ദിമെത്രയോസിന്റെ സപ്തതി

സേവനത്തിന്റെ പുതിയ പാത തുറന്ന് ആഘോഷം


മാർ ദിമെത്രയോസ് സപ്തതി ഡയാലിസിസ് സപ്പോർട്ട് സ്കീമിന് തുടക്കം

ന്യൂഡൽഹി ● എളിമയുടെയും സന്തോഷത്തിന്റെയും പ്രതീകമായ ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, കണ്ടുമുട്ടുന്നവരുടെ ജീവിതത്തിൽ ഇടപെടലിലൂടെ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ളയാളാണെന്ന് അൽഫോൻസ് കണ്ണന്താനം എംപി പറഞ്ഞു. ഓർത്തഡോക്സ് സഭ ഡൽഹി ഭദ്രാസനം മെത്രാപ്പൊലീത്ത ഡോ. യൂഹാനോൻ മാർ ദിമെത്രയോസിന്റെ സപ്തതി ആഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

ഡൽഹി ഹോസ് ഖാസ് സെന്റ് പോൾസ് സ്കൂളിൽ നടന്ന ചടങ്ങിൽ കുട്ടികളോടൊപ്പം കേക്കു മുറിച്ചാണ് ഡോ. യൂഹാനോൻ മാർ ദിമെത്രയോസ് 70–ാം പിറന്നാൾ ആഘോഷിച്ചത്. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഓൺലൈനിലൂടെ ആശംസ നേർന്നു. അടൂർ- കടമ്പനാട് ഭദ്രാസന മെത്രാപ്പൊലീത്ത ഡോ. സഖറിയാസ് മാർ അപ്രേം അധ്യക്ഷനായി.

വൃക്കരോഗികൾക്കായി ഏർപ്പെടുത്തുന്ന 'മാർ ദിമെത്രയോസ് സപ്തതി ഡയാലിസിസ് സപ്പോർട്ട് സ്കീം' ഉദ്ഘാടനം അൽഫോൻസ് കണ്ണന്താനം എംപി നിർവഹിച്ചു. 'മാർ ദിമെത്രയോസ് സെന്റർ ഫോർ എക്സലൻസ്' വിശിഷ്ടാതിഥി ഡൽഹി ആർച്ച് ബിഷപ് അനിൽ കൂട്ടോ ഉദ്ഘാടനം ചെയ്തു.

സെന്റ് മേരീസ് പള്ളി ഗാനസംഘം സപ്തതി മംഗളഗാനാലാപനം നടത്തി. അലീന ജേക്കബ്, ആരോൺ ടോം ബിൻസ് സംഗീതമാലപിച്ചു. കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ അഡീഷനൽ ഡപ്യൂട്ടി റബേക്ക മത്തായി, ഗിരിദീപം മൈനർ സെമിനാരി റെക്ടർ ഫാ. അജി താന്നിമൂട്ടിൽ, മാർത്തോമ്മാ സിറിയൻ പള്ളി വികാരി ജനറൽ റവ. മഹേഷ് ചെറിയാൻ, ഫാ. ഷാജി മാത്യു, എബ്രഹാം തോമസ്, സൂസന്ന ജോർജ്, ഹോസ് ഖാസ് സെന്റ് മേരീസ് കത്തീഡ്രൽ വികാരി ഫാ. അജു എബ്രഹാം, ഫാ. ജോൺ കെ. സാമുവൽ എന്നിവർ പ്രസംഗിച്ചു.



ഡൽഹി ഹോസ് ഖാസ് സെന്റ് പോൾസ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കുട്ടികളോടൊപ്പം കേക്കു മുറിച്ച് സപ്തതി ആഘോഷിക്കുന്ന ഡൽഹി ഓർത്തഡോക്സ് ഭദ്രാസനം മെത്രാപ്പൊലീത്ത ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്. ഭദ്രാസന സെക്രട്ടറി ഫാ. സജി യോഹന്നാൻ, ഫാ. ജെയ്സൺ ജോസഫ്, ഡോ. സഖറിയാസ് മാർ അപ്രേം എന്നിവർ സമീപം. പിൻനിരയിൽ ഫാ. അജു എബ്രഹാം, അൽഫോൻസ് കണ്ണന്താനം എംപി, ഫാ. അജി താന്നിമൂട്ടിൽ, ഫാ. ഷാജി മാത്യൂസ്, ബിഷപ് അനിൽ കൂട്ടോ, ഫാ. ജോൺ കെ. സാമുവൽ എന്നിവർ. ചിത്രം : മനോരമ




കേരളാ ഗവർണർ കൊച്ചിയിൽ നടത്തിയ ക്രിസ്തുമസ് വിരുന്നിൽ പങ്കെടുത്ത ഓർത്തഡോക്സ് സഭാ മെത്രാപ്പോലീത്താമാർ.



ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജന പ്രസ്ഥാനം സാമൂഹിക സേവന ജീവകാരുണ്യ കർമ്മപഥങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് നൽകുന്ന ഏഴാമത് മാർ തേവോദോസിയോസ് അവാർഡ് ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ്, സുധ പോൾ റമ്പാന് നൽകി ആദരിച്ചു.



നിരണം ഭദ്രാസന ബാലസമാജം വാർഷിക സമ്മേളനം നിരണം വലിയ പള്ളിയിൽ നടന്നു.



ഓർത്തഡോക്സ് ക്രിസ്ത്യൻ ഫാമിലി ഫെലോഷിപ്പ് കടമാൻകോട് ട്രൈബൽ എൽ.പി. സ്കൂളിൽ സംഘടിപ്പിച്ച ക്രിസ്തുമസ് കൂട്ടായ്മ.



പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാൾ ആചരിച്ചു

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹാ കുന്തത്താൽ കുത്തേറ്റ ചെന്നൈ സെന്റ് തോമസ് മൗണ്ടിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ചാപ്പലിൽ ഡിസംബർ 21-ന് പെരുന്നാൾ ആചരിച്ചു. മാർത്തോമൻ ഗിരി ചാപ്പലിൽ നിന്നും പദയാത്രയായി വിശ്വാസികൾ മൗണ്ട് ചാപ്പലിൽ എത്തി വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്തു. പത്തനാപുരം മൗണ്ട് താബോർ ദയറാ അംഗമായ വന്ദ്യ പീറ്റർ തോമസ് റമ്പാൻ വിശുദ്ധ കുർബ്ബാനക്ക് മുഖ്യകാർമികത്വം വഹിച്ചു. ചെന്നൈ പുഴുതിവാക്കം സെന്റ് തോമസ് മൗണ്ട് ഓർത്തഡോക്സ് ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പെരുന്നാൾ ശുശ്രൂഷകൾക്ക് ഇടവക വികാരി ഫാ. അജി കെ. വർഗീസ് നേതൃത്വം നൽകി. ഫാ. എബി എം. ചാക്കോ, ഫാ. ജോഷ്വാ ജേക്കബ്, ഫാ. നിഖിൽ അലക്സ് തരകൻ എന്നിവർ സഹകാർമികത്വം വഹിച്ചു.



പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണം ചെയ്തു

കൂട്ടിക്കൽ മുണ്ടക്കയം ഭാഗങ്ങളിൽ ഉണ്ടായ പ്രളയത്തിൽ സഭ നടത്തുന്ന ദുരിതാശ്വാസത്തിന്റെ ഭാഗമായി നൽകുന്ന 18 ഭവനങ്ങളുടെ ശിലാസ്ഥാപന കർമ്മവും, 60 കുടുംബങ്ങൾക്ക് ഉള്ള നഷ്ടപരിഹാര വിതരണവും കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് നിർവഹിച്ചു.

കെ. വി. ജോസഫ് റമ്പാൻ, ടി. കെ. ജോർജ് കോർഎപ്പിസ്കോപ്പാ, പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു പി. ജോൺ, ഫാ. കുര്യാക്കോസ് മാണി, ഫാ. ഗീവർഗ്ഗീസ് തോമസ്, ഫാ. യോഹന്നാൻ, ഡീക്കൻ ജിതിൻ, മാനേജിംഗ് കമ്മറ്റി അംഗങ്ങളായ മോനിച്ചൻ തലക്കുളം, ജേക്കബ് കൊച്ചേരിൽ, പ്രൊഫ. സാജു ഏലിയാസ്, വർഗ്ഗീസ് ടി. എബ്രഹാം, ഭദ്രാസന കമ്മിറ്റി അംഗങ്ങളായ M M എബ്രഹാം, N A അനിൽ മോൻ, പി. എസ്. ജോർജ്, ഡോ. എൽദോ ജോസഫ്, രാജു കുര്യൻ ചിരക്കത്തോട്ടം എന്നിവർ സംബന്ധിച്ചു.

ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡു ആയി ഒരു ലക്ഷം വീതം 18 കുടുംബങ്ങൾക്ക് നൽകി. ഏകദേശം 23 ലക്ഷം രൂപയുടെ നഷ്ടപരിഹാരത്തുകയും 60 കുടുംബങ്ങൾക്ക് വിതരണം ചെയ്തു.

മാർ പക്കോമിയോസ് മെഴുകുതിരികൾ

മാവേലിക്കര: മാവേലിക്കര ഭദ്രാസനത്തിന്റെ ജീവകാരുണ്യ സംരംഭമായ, മാനസിക രോഗത്താൽ ഭാരപ്പെടുന്ന നിരാലംബരെ ശുശ്രൂഷിക്കുന്ന മാർ പക്കോമിയോസ് ശാലേം ഭവന്റെ ഒരു പദ്ധതിയാണ് മാർ പക്കോമിയോസ് മെഴുകുതിരികൾ. ശാലേമിൽ പാർക്കുന്ന രോഗസൗഖ്യം പ്രാപിച്ച കുടുംബാംഗങ്ങളുടെ പിൻതുണയോടാണ് മെഴുകുതിരി നിർമ്മാണം നടക്കുന്നത്. ആരാധനയ്ക്ക് വേണ്ടുന്ന മെഴുകുതിരികളും അലങ്കാര മെഴുകുതിരികളും ഉണ്ടാക്കി വരുന്നു. രോഗസൗഖ്യം പ്രാപിച്ചവർക്ക് മാനസികമായി ഒരു ബലവും സന്തോഷവും സംജാതമാക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.